
# ബാപ്പുജി




വള്ളത്തോൾ

# ബാപ്പുജി

ഗ്രന്ഥകർത്താ:

വള്ളത്തോൾ

ടിപ്പണീകാരൻ:

ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ.

Digitized By Kerala Sahitya Akademi

ഒന്നാംപതിപ്പ് കോപ്പി 1000. 1951 ഒക്ടോബർ
രണ്ടാംപതിപ്പ് കോപ്പി 2000. 1954 ജൂലായ്
മൂന്നാംപതിപ്പ് കോപ്പി 1000. 1957 ജൂൺ

പകർപ്പവകാശം സി. കമലയ്ക്ക്.

പ്രസാധകന്മാർ:
**വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.**

**വില ഒരുറുപ്പിക.**

അച്ചടി:
വള്ളത്തോൾ പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

# ബാപ്പുജി

## I

(കേക)

മിടിപ്പാൻ നെഞ്ചിന്നില്ല
രക്തസഞ്ചാരം; ചെററു
ന്നെടുവിർപ്പിടുവാനി-
ല്ല,കമേ വായുസ്പന്ദം;
കരയാൻ കണ്ണീരില്ല;
വാക്കില്ല വിലപിപ്പാൻ—
കരകാണാത്ത കട്ടം
ദുഃഖത്തിലാണ്ടു നമ്മൾ!
പരമാം ധർമ്മം പഠി-
പ്പിച്ച നിസ്പൃഹനീ നാം

---

ഗാന്ധിജി വെടിയേററു വീണതുമുതൽ അദ്ദേഹത്തിൻെറ ചിതാഭസ്മം പുണ്യതീർത്ഥങ്ങളിൽ ഒഴുകിയതുവരെയുള്ള വിവിധസന്ദർഭങ്ങളെ പരാമർശിച്ച് എഴുതിയവയാണ് ഇതിലെ ഗാനങ്ങൾ.

ചെററ്=കുറച്ച്. വായുസ്പന്ദം=വായുവിൻെറ ചലനം. ആണ്ടു എന്ന പദം നിസ്സഹായതയുടെ പാരമ്യത്തെ കാണിക്കുന്നു. പരമാം ധർമ്മം=ശ്രേഷ്ഠമായ ധർമ്മം (അഹിംസ): 'അഹിംസാ പരമോ ധർമ്മഃ' എന്ന ആപ്തവാക്യം ഓർക്കുക. (മാതൃഭൂസേവനവും ശ്രേഷ്ഠമായ ധർമ്മംതന്നെ. 'ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ' എന്നുണ്ടല്ലോ.) നിസ്പൃഹൻ=ആഗ്രഹമില്ലാത്തവൻ: അനാസക്തി

Digitized By Kerala Sahitya Akademi

ഗുരുദക്ഷിണ കൈത്തോ-
ക്കുണ്ടയാലല്ലോ നല്കി!
വരുവിൻ കൃതഘ്നതേ,
നീചതേ, ഹിംസാലുതേ,
ഭരതക്ഷിതിയിലും
നിങ്ങൾക്കുണ്ടിടമെന്നായ്!
ഉലകിൻഗുരുവിനെ,-
പ്പാരതനേതാവിനെ-
ക്കൊലചെയ്തവനേ, നിൻ
ക്രൗര്യത്തെച്ചുമക്കയാൽ
തലപൊന്തിയ്ക്കാൻ വയ്യാ-
ത്തൊന്നായിയല്ലോ, മാന്യൻ
ബലവദ്ഗംഗാധരൻ
പിറന്ന മഹാരാഷ്ട്രം;

---

യോഗമാണ് ഗാന്ധിജി ജീവിതാദർശമായി കരുതിയിരുന്നത്. അഹിംസ പഠിപ്പിച്ച ഗുരുവിനു നല്കിയ ദക്ഷിണ ഹിംസയത്രേ! ഹിംസാലുത=ഹിംസാപരത്വം. നന്ദികേടിന്നും കുടിലപ്രവൃത്തികൾക്കും ഭാരതഭൂമിയിൽ സ്ഥാനമില്ല; ഗാന്ധിജിയുടെ വധം അവയ്ക്കും ഇനി ഇവിടെ സ്ഥാനമുണ്ടെന്നു സൂചിപ്പിയ്ക്കുന്നു.

ഉലകിൻഗുരു—ഗാന്ധിജി മനുഷ്യവർഗ്ഗത്തിന്റെ ശാശ്വതമായ നിലനില്പിനുവേണ്ടിയുള്ള ധർമ്മങ്ങളെയാണല്ലോ ഉപദേശിച്ചിരുന്നതു്. ബലവദ്ഗംഗാധരൻ—ലോകമാന്യതിലകന്റെ പേർ. ഗാന്ധിജിയുടെ ഘാതകനായ ഗോഡ്സെ മഹാരാഷ്ട്രക്കാരനത്രേ. ഹേതി=ആയുധം. ഭേദിയ്ക്കുക=പിളർത്തുക. മതഭ്രാന്ത്, ഇന്ത്യയെ രണ്ടായി വിഭജിച്ചപ്പോൾതന്നെ ഗാന്ധിജിയുടെ ഹൃദയത്തെയും

Digitized By Kerala Sahitya Akademi

മാതൃഭൂമിയെ രണ്ടായ്–
 ക്കീറിയ മതഭ്രാന്തിൻ–
ഹേതിയാലപ്പോൾത്തന്നെ–
 യുൾവശം പിളൎന്നും
വേദനാൎത്തവുമായ
 തിരുനെഞ്ചിനെയല്ലോ
ഭേദിച്ചു ഹാ, നിൻ പാഴ്തോ–
 ക്കെന്തിതിൽശ്ശൌൎയ്യം ഭീരോ?
എന്തിനായാൾക്കു ഗുരു–
 ഹത്യയിലനുതാപം?
അന്തിമമുഹൂൎത്തത്തിൽ–
 സ്സന്ധിച്ചു തൊഴുകയ്യാൽ

---

പിളൎന്നിരുന്നു. ഭീരോ എന്ന സംബോധന പിളൎന്ന ഹൃദയത്തെ വീണ്ടും പിളൎക്കുന്നതിലുള്ള അപദാനകൎത്താവിനെയും അൎത്ഥശൂന്യതയെയും സൂചിപ്പിക്കുന്നു. അനുതാപം=പശ്ചാത്താപം. അച്ഛൻ=സ്വൎഗ്ഗപിതാവ് (ദൈവം). ക്രിസ്തുദേവൻ, യഹൂദർ തന്നെ കുരിശിലേററുമ്പോൾ അജ്ഞരായ അവൎക്കു മാപ്പുകൊടുക്കണമെന്ന് ഈശ്വരനോടു പ്രാൎത്ഥിക്കുകയുണ്ടായി. ഏതാനും ദിവസംമുമ്പ് തന്റെ പ്രാൎത്ഥനായോഗത്തിൽ ബോംബെറിഞ്ഞ മദൻലാലിന്ന് മാപ്പുകൊടുക്കണമെന്ന് ഗാന്ധിജിയും പറകയുണ്ടായല്ലോ.

തുല്യഭാവനൻ=(ഹിന്ദുക്കളെയും മുസൽമാന്മാരെയും ക്രിസ്ത്യാനികളെയും) ഒരേ നിലയിൽ കാണുന്നവൻ. നുതികൾ=സ്തുതികൾ. പ്രാൎത്ഥനായോഗങ്ങളിൽ എല്ലാ മതഗ്രന്ഥങ്ങളിൽനിന്നും സ്തോത്രങ്ങൾ പാരായണംചെയ്തിരുന്നു. കൌതുകാധിക്യാൽ—ഇതിന്നുമുമ്പ് അത്തരം സ്തോത്രങ്ങൾ ഒരേ സന്ദൎഭത്തിൽ കേട്ടിട്ടില്ലാത്തതുകൊണ്ട്

Digitized By Kerala Sahitya Akademi

'ഇത്തോക്കുകാരനാച്ഛൻ
നല്കവേണമേ മാപ്പ്'-
ന്നാർത്ഥനം ചെയ്തിട്ടുണ്ടാം,
രണ്ടാമന്നാമിക്രിസ്തു!
തുല്യഭാവനനങ്ങു-
നൂററ ശിഷ്യരെക്കൊണ്ടു
ചൊല്ലിച്ചു നതികളെ-
ക്കൌതുകാധിക്യാൽ ഗുരോ,
അല്ലാഹു മിശിഹാവീ-
ശ്വരനീ മുപ്പേരായ് നി-
ന്നല്ലയോ ചെവികൊണ്ടു,
നാൾതോറും ജഗദീശൻ?
അസ്തമിനൊപ്പം പൂകി,
രക്താംഗരിമസ്സൂര്യർ;
ഇത്തേജിഷ്ഠരിലാദ്യൻ
നാളെയും വരും വാനിൽ;

---

ഈശ്വരനുപോലും വർദ്ധിച്ച കൗതുകം തോന്നും! 'ഈശ്വർ അല്ലാ........' എന്ന ഗാന്ധിജിയുടെ പ്രിയപ്പെട്ട പ്രാർത്ഥനാഗാനം ഓർക്കുക. അസ്തം പൂകി=അസ്തമിച്ചു. രക്താംഗർ=രക്തമായ (ചുവന്ന; ചോരയോട്ടക്കൂടിയ) അംഗത്തോടുകൂടിയവർ. തേജിഷ്ഠർ=തേജസ്വികൾ. സത്തമൻ എന്ന വിശേഷണം പാപഗ്രഹമായ സൂര്യനെ അപേക്ഷിച്ചു ഗാന്ധിജിയ്ക്കുള്ള ഔൽകൃഷ്ട്യം വ്യഞ്ജിപ്പിയ്ക്കുന്നു. പ്രത്യുദിയ്ക്കു=വീണ്ടും ഉദിയ്ക്കുക. 'പുണ്യാബ്ദങ്ങൾ കഴിയ്ക്കേങ്കിൽ'—'പെരുത്തു നൂററാണ്ടിനിടയ്ക്കൊരിയ്ക്കൽ' മാത്രമാണല്ലോ, ഈ മരുപ്പറമ്പിലേയ്ക്കു് ഈശ്വരൻ മഹാന്മാരെ അയയ്ക്കുന്നതു്!

Digitized By Kerala Sahitya Akademi

സത്തമൻ രണ്ടാമനോ
സഹസ്രവഷങ്ങളാൽ
പ്രത്യുദിരച്ചെയ്യാം പക്ഷേ,
പുണ്യമുണ്ടൂഴിയ്ക്കെങ്കിൽ!
വേടൻെറയമ്പാൽ കൃഷ്ണൻ,
കരിശേററത്താൽ കൃസ്തു,
മൂഢൻെറ തോക്കാൽ ഗാന്ധി-
ദേവനും ദേഹംവിട്ടു:
കൂടചേഷ്ടിതരെ മുൻ-
നിത്താതെ നേരേചെല്ലാൻ
പേടിയുണ്ടാവാം മൃതി-
യ്ക്കീദൃശമഹാന്മാരിൽ!
സ്വഢ്തൻനാടേ, നീ, നി-
ന്നൈക്യധാതാവെക്കൊണ്ടു

---

കൃസ്തു, കൃഷ്ണൻ ഇവരോടു സമശീഷനാണ് ഗാന്ധിജി എന്ന് മൂന്നുപേരുടെയും മരണത്തിൻെറ സാദൃശ്യംകൊണ്ടു വെളിപ്പെടുത്തുന്നു. കൂടചേഷ്ടിതർ=കള്ളത്തരക്കാർ. മരണത്തിന്നു നേരിട്ടു ചെല്ലാൻ പേടിയുള്ളതുകൊണ്ടാണോ, ഈ മഹാന്മാരുടെ മൃതിയ്ക്കു കപടവേലക്കാർ കാരണക്കാരായിനിന്നതെന്നു സംശയിക്കുന്നു. സ്വഢ്തൻനാടേ—ഹിന്ദുമുസ്ലീം സ്വഢ്‌ ഇന്ത്യാചരിത്രത്തിലെ പ്രധാനവസ്തുതയാണല്ലോ. ഐക്യധാതാവ്=ഐക്യത്തിൻെറ സ്രഷ്ടാവ്. സവസമുദായമൈത്രിയായിരുന്നു ഗാന്ധിജിയുടെ ആദശങ്ങളിൽ അതിപ്രധാനം. സുഹൃത്ത്—പലപ്പോഴും മരണത്തിൻെറ അടുക്കലെയ്ക്കു പാഞ്ഞുചെന്ന ആ ധമ്മധീരൻ ജീവിതത്തെപ്പോലെ മരണത്തെയും സ്നേഹിച്ചു. രാമനാമത്താൽ—ഗാന്ധിജി 'ഹാ!

Digitized By Kerala Sahitya Akademi

മൃത്യുവെ ക്ഷണിപ്പിച്ചു;
വനൊത്തി സുഹൃത്തവൻ;
രാമനാമത്താലുടൻ
സ്വാഗതം ചൊല്ലിക്കൊണ്ടു-
ഭീമാനീയതിഥിയെ
സ്വീകരിയ്ക്കയും ചെയ്തു!
ഇച്ഛളിനിലം വിട്ടു-
പോകവാനവിടുന്നൊ-
ന്നിച്ഛിയ്ക്കേ സമീപിച്ചു
യാമ്യമാം വിമാനം തേ;
നിശ്ചലം നിലക്കൊണ്ടു
ലോകൎക്കു കാണായ്വന്നു
സ്വച്ഛന്ദമരണനാ-
മഞ്ചയിലന്യൻ ഭീഷ്മൻ.

*  *  *

---

റാം' എന്നു ഉച്ചരിച്ചുകൊണ്ടാണ് വെടിയേററ നിലംപതിച്ചത്. ഇച്ഛളിനിലം=സ്പൎദ്ധ, ഹിംസാലുത മുതലായവയാൽ നിവാസയോഗ്യമല്ലാതായിത്തീൎന്ന നാട്. യാമ്യം=യമനെസ്സംബന്ധിച്ചത്. ഇച്ഛിയ്ക്കേ—മരണത്തിന്ന്. ഏതാനംനാറാംക്കമുമ്പു മഹാത്മജി മാതൃഭൂമിയുടെ ദുഃസ്ഥിതികണ്ട് താൻ മരിപ്പാനാശിയ്ക്കുന്നു എന്ന് ഒരു പത്രപ്രവൎത്തകനോടു പറയുകയുണ്ടായി. ലോകർ—പ്രാൎത്ഥനയ്ക്കു വന്നിരുന്ന ആളുകറം. തൻെറ ഇച്ഛയ്ക്കൊത്തു മരണം സംഭവിച്ചതുകൊണ്ടാണ്, അദ്ദേഹം മറെറാരു ഭീഷ്മർ—ഭീഷ്മർ സ്വച്ഛന്ദമരണനാണല്ലോ—ആണെന്നു പറഞ്ഞത്.

---

Digitized By Kerala Sahitya Akademi

## II

കൊന്നാനഹോ, വിവിധജാതിമതസ്ഥരെച്ചേ-
ർത്താനാക്കുവാൻ സ്മൃതി രചിച്ച മഹാനെ മൂർഖൻ;
ഇന്നാട്ടിനെന്തൊരു വിപത്തിതിൽമീതെ? നമ്മൾ
നിന്നാഥരായ്; ഗുരുകുലച്യുതമായി ലോകം! 1

അച്ചണ്ഡശീലനുടെയുണ്ടകൾകൊണ്ടു ഖാദി-
പ്രച്ഛന്നമാം പ്രശമമങ്ങു നിലംപതിച്ചു;
വിച്ഛിന്നമായ്, വിളവെടുത്ത ജനൈകമത്യം;
സ്വച്ഛന്ദമൂർന്നൊഴുകി, ഭാരതജീവരക്തം. 2

മുച്ചൂടമറ്റു വിജയാശകളെങ്കിലും, പേ-
ർത്തുൾച്ചൂടിൽ വാടിയ നമുക്കൊഴുകായ്ക കണ്ണീർ:

---

1. സ്മൃതി=ധർമ്മശാസ്ത്രം. ധർമ്മശാസ്ത്രാനുസൃതമായ (ലോകക്ഷേമത്തിന്നായുള്ള) ജീവിതമാണല്ലോ ഗാന്ധിജി നയിച്ചിരുന്നത്. നിന്നാഥർ=നാഥനില്ലാത്തവർ. ഗുരുകുലച്യുതം=ഗുരുകുലത്തിൽ നിന്നു് ഭ്രംശിച്ചത്. ലോകത്തിന്നാകെത്തന്നെ ഗുരുവാണ് ഗാന്ധിജി എന്നു വ്യംഗ്യം. ഇനി ആരുള്ളൂ, ലോകത്തിൽ ഐക്യവും സമാധാനവും സ്ഥാപിപ്പാൻ?

2. ചണ്ഡശീലൻ=ക്രൂരസ്വഭാവൻ. ഖാദിപ്രച്ഛന്നം=ഖദർ കൊണ്ടു മറച്ചത്. പ്രശമം=ശാന്തസ്വഭാവമെന്നർത്ഥം. വിച്ഛിന്നം=ഉണ്ടഉണ്ടാക്കപ്പെട്ടത്. ഗാന്ധിജിയുടെ അസാധാരണയത്നത്താൽ ജനങ്ങളിൽ തഴച്ചുതുടങ്ങിയ ഐക്യം തകർക്കപ്പെട്ടു എന്നും, അദ്ദേഹത്തിൻെറ ദേഹത്തിൽനിന്നു് ഊർന്നൊഴുകിയ രക്തം ഇന്ത്യയുടെതന്നെ ജീവരക്തമാണെന്നും സാരം.

Digitized By Kerala Sahitya Akademi

സച്ഛസ്ഥിതിയ്ക്കി,തിനെയൊപ്പിയെടുത്തിരുന്ന
തൃച്ചക്രവാൽപ്പുടവ, ചോര പുരണ്ടതായ്പ്പോയ്! 3

അപ്പാടലാഭയൊടു നമ്മുടെ വൃദ്ധസൂര്യൻ
കെല്പററു വീണു, പുരുഷാരമഹാർണ്ണവത്തിൽ;
പിൽപ്പാടടിയ്ക്കുകയുമില്ല;-രക്തരിരുട്ടിൽ-
ത്തപ്പിത്തടഞ്ഞു നടകൊള്ളുകതന്നെ നമ്മാം! 4

ക്ഷീണിച്ചടങ്ങി തനുചേഷ്ടകളൊക്കെ;-യെന്നാൽ-
ച്ചേണാർന്ന പുഞ്ചിരി മുഖത്തു വിടാതെനിന്നു,
പ്രാണപ്രദാനസമയത്തുമൊരപ്രസാദം
കാണാഞ്ഞു, നിർഭയനിൽ മൃത്യു പകച്ചിരിയ്ക്കാം! 5

---

3. ആശ അസ്തമിച്ചുവെങ്കിലും നാം വ്യസനിയ്ക്കരുത് എന്ന്. ഓരോ അവസരത്തിലും നമ്മുടെ വ്യസനത്തെ സാന്ത്വനങ്ങളെക്കൊണ്ട് അകററിയിരുന്ന അദ്ദേഹം അന്തരിച്ചു. തൃച്ചക്രവാൽപ്പുടവ=ഖദർവസ്ത്രം; 'തൃ' എന്ന വിശേഷണം ചക്രയുടെ ഐശ്വര്യദായകത്വത്തെ കാണിയ്ക്കുന്നു.

4. പാടലാഭ=(ചോരയൊലിയ്ക്കുയാലുള്ള) രക്തവർണ്ണം. പുരുഷാരമഹാർണ്ണവം= (പ്രാർത്ഥനായോഗത്തിലെ) ആൾക്കൂട്ടമാകുന്ന മഹാസമുദ്രം. ഇന്ത്യയുടെ ഭാവി ഇരുൾ നിറഞ്ഞതാണെന്ന് അലങ്കാരഭംഗിയിൽ പറയുന്നു.

5. തനുചേഷ്ട=ശരീരത്തിന്റെ ഇളക്കം. പ്രാണപ്രദാനസമയം=(മരണത്തിനു) ജീവനെ കൊടുക്കുന്ന സമയം. അപ്രസാദം=തെളിവില്ലായ്മ. പ്രായേണ പ്രാണൻപോകുമ്പോഴും പ്രസന്നരായി പുഞ്ചിരിക്കൊള്ളുന്ന നിർഭയ(ധീര)ന്മാരെ കണ്ടിട്ടില്ലാത്ത മൃത്യു ആസന്നമരണനായ ഗാന്ധിജിയുടെ പുഞ്ചിരി കണ്ടിട്ട് അമ്പരന്നു എന്നു വരാം.

Digitized By Kerala Sahitya Akademi

ദ്രോഹിയ്ക്കുമേതൊരു പിശാചിനെ നീക്കിനിത്താ-
നാഹന്ത, മന്ത്രമവിടുന്നു ജപിച്ചുപോന്നു,
ആ ഹിംസതന്നെ നിജതീക്ഷ്ണനഖങ്ങൾകൊണ്ടീ
മാഹാത്മ്യമൂത്തിയുടെ മാറു പിളത്തിയല്ലോ! 6

അന്നെഞ്ചിൽ നിശ്ചലമമന്ദ, പരാശ്രയത്തിൽ-
നിന്നാഷ്ഭ്രവിനെയുയത്തിയെടുത്ത കൈകൾ;
എന്നെയ്ക്കുമായ് മുറുകി,യേറിയനാളഹിംസാ-
സന്ദേശമിങ്ങരുളിനിന്ന ശുഭാധരങ്ങൾ! 7

മാനിച്ചതില്ല ഗുരുവിൻെറ മനുഷ്യധമ്മ-
ഗാനത്തെ മത്സരികൾ നാ;-മതുമൂലമല്ലീ,
താനാഴ്ചതോറുമൊരു നാളിൽ വഹിച്ചുപോന്ന
മൌനവ്രതത്തെയവസാനവിഹീനമാക്കി! 8

---

6. നിജതീക്ഷ്ണനഖങ്ങൾ=തൻെറ നിശിതങ്ങളായ നഖങ്ങൾ; വെടിയുണ്ടകൾ. മാഹാത്മ്യമൂത്തി=മാഹാത്മ്യം ഉടലെടുത്തതുപോലുള്ള ആൾ. ഹിംസയാകുന്ന പിശാചിൻെറ പ്രതികാരപ്രവൃത്തിയായി വധത്തെ ഉൽപ്രേക്ഷിച്ചിരിയ്ക്കുന്നു.

7. ഗാന്ധിജി കൂപ്പുകൈകളോടുകൂടിയാണ് നിലംപതിച്ചതെന്നോക്കുക. ആഷ്ഭ്രവ്=ഭാരതം. അരുളിനിന്ന=ഉപദേശിച്ചുപോന്ന. മരണത്തെ വ്യംഗ്യഭംഗിയിൽ ചിത്രണം ചെയ്തിരിയ്ക്കുന്നു.

8. അവസാനവിഹീനം=അവസാനമില്ലാത്തത്. മനുഷ്യധമ്മഗാനത്തെ—സത്യം, അഹിംസ തുടങ്ങിയ സനാതനധമ്മങ്ങളെ മുൻനിത്തിയുള്ള ഗാനസുന്ദരങ്ങളായ പ്രഭാഷണങ്ങളെ. മത്സരികൾ=ജാതി—മതാദിസ്പദ്ധകളിയന്നവർ. ആഴ്ചവട്ടത്തിലൊരു ദിവസമേ ഗാന്ധിജി മൌനമനുഷ്ഠിച്ചിരുന്നുള്ളു.

Digitized By Kerala Sahitya Akademi

ക്രിസ്ത്യാനി–ഹിന്ദു–മുസൽമാൻ–ശിഖമുഖ്യരോരോ
വൃത്തം വരച്ചു തനതാക്കിയെടുത്തിരുന്നാൽ
മർത്ത്യത്വമെങ്ങു കുടികൊണ്ടിടുമെന്നു ചിന്തി–
ച്ചത്രേ, ദയാലുവിനടഞ്ഞു വിലോചനങ്ങൾ! 9

കേൾക്കില്ല,സൂനൃതവികസ്വരമാ സ്വരം നാം;
നോക്കില്ല നമ്മെയിനി,യാക്കനിവുററ നേത്രം;
തോക്കൊന്നു, മൂന്നു വെടി—യെങ്ങു പരിക്ഷപാററി–
ല്ലാക്കാർക്ക്?—ദ്ഭുതചരമിച്ചരിതം ജഗത്തിൽ! 10

---

9. ഓരോ മതക്കാരും തങ്ങൾ വേറെ വേറെ അകന്നുനിന്നാൽ, ജാതിമതാതീതമായ യഥാർത്ഥമനുഷ്യത്വത്തിന്ന് സ്ഥാനമെവിടെ എന്ന ചിന്തയാലാണോ, ദയാലുവായ അദ്ദേഹം കണ്ണടച്ചത്? മരണത്തിലും അവിടെയ്ക്കു് ഐക്യാലോചനതന്നെ! ആലോചിയ്ക്കുമ്പോൾ കണ്ണടയുന്നതു സ്വാഭാവികമാണല്ലോ.

10. സൂനൃതവികസ്വരം=സത്യംകൊണ്ടു വികസിച്ചതു്. അദ്ഭുതചരം=മുമ്പുണ്ടാകാത്തതു്. ഒരൊററ തോക്കിൽനിന്നു പുറപ്പെട്ട മൂന്നു വെടി ഒരാളെമാത്രമല്ല എല്ലാവരെയും പരിക്കേല്പിച്ചു എന്നതാണ് അദ്ഭുതപൂർവ്വത. ഗാന്ധിജിയ്ക്കു പററിയ അപമൃത്യു മനുഷ്യലോകത്തെ മുഴുവൻ വേദിനിപ്പിച്ചു.

Digitized By Kerala Sahitya Akademi

## III

(അന്നനട)

പുതുയുഗത്തിലെപ്പുരുഷവര്യരിൽ
പ്പുരോഗനാം ഗാന്ധിയുടെ തിരുമാറിൽ —
പ്രശാന്തിയാകുന്ന പരദേവതയെ
പ്രതിഷ്ഠിച്ചതായ മണിത്തൃക്കോവിലിൽ —
ഇരുന്നൂറുമൊരൈമ്പതുംകോടിനാനാ-
നരരെയുൾക്കൊണ്ട പെരുംതാവാട്ടിൽ —
തെളിഞ്ഞ സത്യത്തിൻ വിളക്കെന്നൊയ്ക്കുമായ്-
ക്കൊളുത്തിവെച്ചോരു ഭജനശാലയിൽ —
വിവിധരാഷ്ട്രോപാഗതങ്ങളാം നീതി-
വിചിന്തനങ്ങൾതൻ വിഹാരസത്രത്തിൽ —

---

പുതുയുഗം=നവീനോപജ്ഞാനങ്ങളുടെതായ ഈ കാലഘട്ടം. പുരോഗൻ=മുമ്പേ ഗമിയ്ക്കുന്നവൻ. ഗാന്ധിജിയുടെ ജീവിതാദർശങ്ങൾ ഈ ആറ്റോമിക്‌യുഗത്തിലും പുരോഗമനപരങ്ങളാണെന്നു ധ്വനി. മണിത്തൃക്കോവിൽ=ശ്രേഷ്ഠമായ ക്ഷേത്രാന്തർഭാഗം. വിവിധരാഷ്ട്രോപാഗതങ്ങൾ=പല രാജ്യങ്ങളിൽനിന്നു വന്നുചേർന്നവ. ഗാന്ധിജിയുമായി പല രാജ്യക്കാരും രാഷ്ട്രീയകാര്യാലോചന നടത്തിയിരുന്നുവല്ലോ. അധസ്ഥർ=താഴെയുള്ളവർ. അതിഥിവേശ്മം=അതിഥികൾക്കുള്ള മന്ദിരം. (ഗെസ്റ്റ്‌ഹൌസ്സ്.) പൊരുൾ=തത്ത്വം (ധനമെന്നും). ശോകം=വ്യസനം. 'പ്രശാന്തിയാകുന്ന' എന്നു തുടങ്ങി കലവറയിങ്കൽ എന്ന് അവസാനിയ്ക്കുന്നതുവരെയുള്ള ഓരോ ഈരടിയും യഥാക്രമം മഹാത്മജിയുടെ ശാന്തിപരത്വം, ലോകത്തി

Digitized By Kerala Sahitya Akademi

ഹരിജനങ്ങളെ നാറിഞ്ഞധസ്ഥരെ–
പ്പരിചരിച്ചതാമതിഥിവേശ്മത്തിൽ—
കുറാൻ–ബൈബിള്ള–പനിഷദാദികൾതൻ
പൊരുളുകൾ വെച്ച കലവറയിങ്കൽ—
വെടിയുണ്ട വീഴ്ത്തിക്കളഞ്ഞവനുമുൾ–
പ്പെട്ടും നിന്നിലെങ്കിൽ, മനുഷ്യവർഗ്ഗമേ,
അടുത്തകാലത്തു തല പൊക്കില്ല നീ
കടുത്ത ശോകത്താൽ,കനത്ത ലജ്ജയാൽ!

* ഭരതമേദിനിയ്ക്കിരുൾ നീങ്ങി സ്വയം–
ഭരണമാമുഷസ്സുദിച്ചപ്പോഴെയ്ക്കും
മറഞ്ഞുപോയ് ഛിക്കെന്നോതിൻ കതിരവ–
നൊരു തോക്കിൻ പുകച്ചുരുളായ കാറാൽ!

---

ലെ 250 കോടി മനുഷ്യരും ഒന്നെന്ന സമഭാവന, സത്യനിഷ്ഠ (വിശ്വാസ്യത) നീതി (രാഷ്ട്രമീമാംസാ) ബോധം, ഹരിജനോദ്ധാരണതൽപരത്വം, സർവ്വമതതത്വബോധം എന്നീ വിശിഷ്ടഗുണങ്ങളെ വെളിപ്പെടുത്തുന്നു. മനുഷ്യൎക്ക് എതുകാലത്തും മാനനീയങ്ങളായ ഇത്തരം സമുൽകൃഷ്ടഗുണങ്ങളെ നശിപ്പിയ്ക്കാൻ പുറപ്പെട്ടവൻ ഒരു മനുഷ്യനാണെങ്കിൽ, മനുഷ്യവർഗ്ഗം വ്യസനിയ്ക്കുകയും ലജ്ജിയ്ക്കുകയും വേണം!

ഇരുൾ=അടിമത്തമെന്നു താൽപര്യം. നെട്ടുംദ്ദിനം: മേഘച്ഛന്നമായ നീണ്ട ദിവസം (ഛീത്തദിവസമെന്നും). ഇന്ത്യയുടെ സ്വയംഭരണത്തിന്റെ ഉഷസ്സ് ഉൽപ്പാദിപ്പിച്ച കതിരവൻ(ഗാന്ധിജി) മറഞ്ഞതുകൊണ്ടു ലോകത്തിലെങ്ങും ദ്ദിനം വന്നുവെന്നു പറഞ്ഞതിൽനിന്നു, ഗാന്ധിജിയുടെ സ്വരാജ്യസ്വാതന്ത്ര്യമെന്ന ആദൎശം വെളിപ്പെടുന്നു. സുലഘു=നിസ്സാരം; കൈത്തോക്കാണല്ലോ. മ

Digitized By Kerala Sahitya Akademi

ഇതിൻ ചെറുകറുപ്പുലകിലെങ്ങെങ്ങു
പതിപ്പിച്ചീലൊരു നെട്ടംട്ടിനത്തെ?
സുലഘുവത്തോക്കിൻ കുര വിറപ്പിച്ചു
മലയെയും കരിയിലയെയുമൊപ്പം.
കൊട്ടുംജാതിദ്വേഷവിഷഗുളികയാം
വെടിയുണ്ട തട്ടിപ്പിളന്ന നെഞ്ചുമായ്
സ്വമാതൃഭൂമിതൻ മടിത്തട്ടിൽ വീണ
ശമപ്രവണൻെറ വിശുദ്ധരക്തത്തെ
പൊട്ടുന്നാനെയൊപ്പിയെടുത്തിതോ ഭക്ത്യാ,
പടിഞ്ഞാറെദ്ദിക്കും പ്രദോഷാംബരത്താൽ!
ദിവിഷ്ഠർ കാണട്ടേ, നവനാമിദ്ധർമ്മ-
പ്രവാചകൻെറയും ദശാപരിണാമം!

---

ലയെയും കരിയിലയെയും—ധീരന്മാരെയും ഭീരുക്കളെയുമെന്നു സാരം. ജാതിദ്വേഷവിഷഗുളിക—ഗാന്ധിജി മുഹമ്മദീയരോടു സവിശേഷാനുകൂല്യം കാണിക്കുന്നുണ്ടെന്നു കരുതിയാണ് ആ 'ഹിന്ദുമതഭക്തൻ' തോക്കുണ്ട പൊഴിച്ചത്. ശമപ്രവണൻ=ശാന്തിനിരതൻ. പ്രദോഷാംബരം=സന്ധ്യാസമയത്തെ ആകാശം. അംബരശബ്ദത്തിനു വസ്ത്രമെന്നും അർത്ഥമുള്ളതിനാൽ 'ഒപ്പിയെടുക്കുക എന്ന പ്രയോഗം വിശേഷിച്ചും മധുരമായിരിക്കുന്നു. ലോകസമാധാനകാംക്ഷികളായ പാശ്ചാത്യക്ക ഗാന്ധിജിയുടെ ആദശങ്ങളോടു തോന്നിയിരുന്ന ബഹുമാനത്തെക്കൂടി ഭക്ത്യാ, വിശുദ്ധരക്തത്തെ എന്നീ പദങ്ങൾ വ്യഞ്ജിപ്പിക്കുന്നു. ദിവിഷ്ഠർ=സ്വഗ്ഗത്തിലുള്ളവർ. നവൻ=പുതിയവൻ. ദശാപരിണാമം=അവസ്ഥാന്തരം. പ്രാചീനന്മാരായ കൃഷ്ണൻ, ക്രിസ്തു തുടങ്ങിയ ധമ്മാദ്ധാരകന്മാരുടെ അന്തിമാനുഭവവും ഇപ്രകാരംതന്നെ ആയിരുന്നുവല്ലോ.

Digitized By Kerala Sahitya Akademi

മിതാശിയാം നാഥനിതരലോകത്തും
സ്വാദുശുദ്ധമന്വഹം കൊടുപ്പാനായ് മുന്നേ
മൃതിക്കൂട്ടിൽപ്പോയി മുളഞ്ഞ നീയെത്ര
കൃതിനി, നിർമ്മലാഹ്വയപ്പിടയാടേ!
മുടന്തുകാലനാമൊരാടിനെത്തോളി-
ലെടുത്തൊട്ടു വഴി നടന്ന ബുദ്ധനെ
അതിശയിച്ചു, തന്നജാസഹജയെ
മൃതിയിലെയ്ക്കും പിന്തുടൎന്ന ഗാന്ധിജി!
'ഒരുശവത്തെക്കൊണ്ടിഹ കാര്യമെന്തെ?-'
ന്നൊരു മാസത്തിൻമുമ്പൊരു സന്ദർഭത്തിൽ

---

മിതാശി=മിതമായിമാത്രം ഭക്ഷിയ്ക്കുന്നവൻ. ഭക്ഷണം വിശപ്പടക്കാനുള്ള ഒരു ഔഷധമാണെന്നും, ഔഷധത്തിന്റേതെന്നപോലെ ഭക്ഷണത്തിന്റെയും സ്വാദുതയെക്കുറിച്ചു ചിന്തിയ്ക്കേണ്ടതില്ലെന്നും, വിശപ്പുമാറുന്നതിൽക്കവിഞ്ഞു ഭക്ഷിയ്ക്കുന്നത് ഒരുതരം ചൂഷണമാണെന്നുമായിരുന്നു മഹാത്മജിയുടെ സിദ്ധാന്തം. സ്വാദുശുദ്ധം=തന്റെ പാൽ. അന്വഹം=ദിവസംതോറും. കൃതിനി=ധന്യ. നിർമ്മലാഹ്വയ=നിർമ്മല എന്നു പേരുള്ളവൾ. ഗാന്ധിജി പതിവായി പാൽ കറന്നു കുടിച്ചിരുന്ന നിർമ്മല എന്ന ആട് അദ്ദേഹത്തിന്റെ ചരമത്തിന്ന് ഏതാനും ദിവസംമുമ്പുമാത്രമാണ്, മരണത്തിന്റെ കൂട്ടിൽ ചെന്നു മുളഞ്ഞത്. മൃതിക്കൂട് എന്ന പദം മരണം ഒരു രക്ഷാസ്ഥലമാണെന്നു വ്യഞ്ജിപ്പിയ്ക്കുന്നു. അജാസഹജ=പെണ്ണാടാകുന്ന സഹോദരി. ബുദ്ധനെ അപേക്ഷിച്ച് ഗാന്ധിജിയ്ക്കുള്ള മെച്ചം ചൂണ്ടിക്കാണിയ്ക്കുന്നു: ബുദ്ധൻ ആടിന്റെ 'പൂവ്വതിൽ പംഗുവാമേകനെ തന്റെ തോളത്തെടുത്തു' ബിംബിസാരന്റെ കൊട്ടാരംവരെമാത്രമേ പോയുള്ളു; ഗാന്ധിജിയാകട്ടേ, ആടിന്റെ

Digitized By Kerala Sahitya Akademi

സ്വാഗതമായ് ച്ചോദിയ്ക്കുകയുണ്ടായിപോ-
ല,ഗാധദർശനനവിടുന്നു—ഹാ ഹാ,
തിരുവിളിയും കാത്തൊതുങ്ങിനില്ക്കയാ-
യിരുന്നുവോ മൃത്യു, തദീയപാർശ്വത്തിൽ!
കരയെങ്ങിയഴൽക്കടലിന്നാ? പ്രിയം-
കരൻെറ വേർപാടാലനാഥരാകിലും
കരയരുതു നാം: സദാ ശിഷ്യരുടെ
കരളുറപ്പല്ലോ ഗുരുവരനിഷ്ടം!

---

പിന്നാലെ യമലോകത്തെയ്ക്കു് പോയി. സ്വാഗതം=ആത്മഗതം. അഗാധദർശനൻ=ദീർഘദൃഷ്ടിയുള്ള ആൾ. (അപാരമായ തത്വജ്ഞാനം നേടിയ ആളെന്നും) തദീയപാർശ്വത്തിൽ=അദ്ദേഹത്തിൻെറ അടുക്കൽ. പ്രിയംകരൻ=ഇഷ്ടംചെയ്യുന്നവൻ. മഹാത്മജിയുടെ ആദർശങ്ങളിൽ അതിപ്രധാനമായ ഒന്നായിരുന്നു നിർഭീകത അഥവാ മനസ്സൈര്യം. ആ ആദർശത്തിന്നെതിരായി നാം കരയുന്നതു് അദ്ദേഹത്തിന്നു് ഇഷ്ടമാവാൻ വഴിയില്ലല്ലോ.



Digitized By Kerala Sahitya Akademi

## IV

അടിപെട്ടിതു ഗാന്ധിയും കൊല—
ക്കി;ടിവെട്ടേററതുപോലെയായ് ജനം:
വെടിയുണ്ടകളെങ്ങു? മാർദ്ദവം
വെടിയാത്താത്തിരുനെഞ്ചമെങ്ങുവാൻ? 1

മടിയാതവിടുന്നു നമ്മൾത—
ന്നടിമച്ചങ്ങല വെട്ടിയില്ലയോ?
വെടിവെയ്ക്കുകതന്നെവേണ,മി—
പ്പിടികേടിന്നു;—തു ചെയ്തു നീതിമാൻ! 2

വരദന്റെ ശിരസ്സിലെയ്ക്കുതാൻ
ദുരമഷ്ടാംഗുലിയാശു നീട്ടി നീ:

---

1. മാർദ്ദവം വെടിയാത്ത—മരണാവസരത്തിലും 'ഹാ റാം' എന്നു പ്രാർത്ഥിക്കുകയാണല്ലോ ചെയ്തത്. നെഞ്ച്=മാറ് (ഹൃദയമെന്നും.)

2. മടിയാതെ—മററുള്ളവരെപ്പോലെ അലസമായി വീക്ഷിക്കാതെ. അന്യർ സ്വാർത്ഥപരത്വംകൊണ്ടോ ഭീരുത്വംകൊണ്ടോ അടിമത്തത്തെ എതിർക്കാൻ മടിച്ചു; ഗാന്ധിജിയാകട്ടേ, അസാധാരണമായവിധം അതിനെ വെട്ടിമുറിച്ചു. ഈ പിടികേടിന്നു—(സൽപ്രവൃത്തിക്ക് എന്നു വിപരീതലക്ഷണ) വെടിവെയ്ക്കുകതന്നെവേണം. നീതിമാൻ—പ്രകൃതത്തിൽ ഘാതകനായ നാഥുറാം ഗോഡ്സെ; വിപരീതലക്ഷണതന്നെ.

3. വരദൻ=അനുഗ്രഹമേകിയവൻ. ദുരമഷ്ടാംഗുലി=കെട്ട കോപമാകുന്ന ചൂണ്ടുവിരൽ. നരമണ്ഡലം—മനുഷ്യസമൂഹം. വ്യ

Digitized By Kerala Sahitya Akademi

നരമണ്ഡലമേ, ശഠൻ വൃകാ—
സുരനോ നിൻെറ കൃതജ്ഞതാഗ്രുരു? 3

തരസാ വെടിയേററു, മൃത്യുതൽ-
പരനിസ്സംയമി വീണവേളയിൽ,
ശരതല്പഗനായ ഭീഷ്മരെ-
ദ്ധര കണ്ടു ധ്രുവ,മീയുഗത്തിലും! 4

നലമൊത്ത മതങ്ങളെസ്സമം
വിലവെയ്ക്കുന്ന വിശുദ്ധചര്യനെ—

---

കൻ എന്നു പേരായ ഒരു അസുരൻ വളരെക്കാലം ശിവനെ തപ സ്സുചെയ്തു, തൻെറ വിരൽ തലയിൽ വെയ്ക്കപ്പെട്ടവരൊക്കെ മരി യ്ക്കണമെന്ന് അനുഗ്രഹം വാങ്ങുകയും, അതു പരീക്ഷിപ്പാൻ വര ദാതാവായ ശിവൻെറ തലയിൽത്തന്നെ വിരൽ വെയ്ക്കാൻ ഒരുങ്ങു കയും ചെയ്തതായി ഒരു പുരാണകഥയുണ്ട്. ആ വൃകാസുരനിൽനി ന്നാണോ മനുഷ്യവർഗ്ഗം കൃതജ്ഞത പഠിച്ചത്? ഇതിലുംമീതെ ഒരു കൃതഘ്നതയെന്തുള്ളു!

4. മൃത്യുതൽപരൻ=മരണത്തെ ആഗ്രഹിച്ചവൻ. സംയ മി=ജിതേന്ദ്രിയൻ. ശരതല്പഗൻ=ശരശയ്യയിൽ കിടന്നവൻ. ധര= ഭൂമി. ഈ യുഗത്തിലും=ഭോഗേച്ഛയും ധർമ്മവൈമുഖ്യവും നിറഞ്ഞ ഇക്കാലത്തും; ദ്വാപരയുഗത്തിലാണല്ലോ, ഭീഷ്മരുടെ ശരതല്പശ യനം.

5. നലമൊത്ത=നന്മയുള്ള. സമം=ഒന്നുപോലെ. വിശുദ്ധ ചര്യൻ=പരിശുദ്ധമായ ജീവിതത്തോടുകൂടിയവൻ. ഭവദീയൻ=അ ങ്ങയെസ്സംബന്ധിച്ചവൻ (ഹിന്ദു). ഒരു ഹിന്ദുവിൻെറ ദൃഷ്ടിയിൽ എല്ലാ മതങ്ങളും സത്യമാണ്-(ഗീതയിലെ 'യദായദാഹി..........'

Digitized By Kerala Sahitya Akademi

തലചായ്ക്കുക ഹിന്ദുസംഘമേ —
കൊലചെയ്തോൻ ഭവദീയനാണുപോൽ! 5

ഗതശങ്കമഹിന്ദുഹിംസന-
വ്രതമോ, ഹൈന്ദവധർമ്മമാര്യരേ?
മത—ജാതിവിഭേദകർമ്മം
വിതറാഴ്കിൻ, നിഗമാക്ഷരങ്ങളിൽ! 6

ധൃതസൗഹൃദനായ് മുഹമ്മദിൻ
മതമേ നമ്മൊടു ചൊല്ലി ഗാന്ധിയും:

---

എന്ന പദ്യം ഓർക്കുക) അങ്ങനെയുള്ള ഒരു യഥാർത്ഥഹിന്ദുവിനെ ഒരു ഹിന്ദുതന്നെയാണ് വധിച്ചത് എന്ന വസ്തുത വർഗ്ഗത്തിന്ന് ആകമാനം ലജ്ജാവഹമാണ്.

6. ഗതശങ്കം=ശങ്കകൂടാതെ. അഹിന്ദുഹിംസനവ്രതം=ഹിന്ദുക്കളല്ലാത്തവരെ കൊല്ലുക എന്ന വ്രതം. ആര്യരേ=ശ്രേഷ്ഠരേ; വേദാദികളുടെ ഉപജ്ഞാതാക്കളായ ആര്യവർഗ്ഗക്കാരുടെ അനുയായികളെ. മത—ജാതിവിഭേദകർമ്മം=മതഭേദം ജാതിഭേദം തുടങ്ങിയ ചളി. നിഗമാക്ഷരങ്ങൾ=വേദത്തിലെ അക്ഷരങ്ങൾ. ജാതിമതഭേദങ്ങളൊന്നും ഹിന്ദുക്കളുടെ പ്രമാണഗ്രന്ഥങ്ങളായ വേദങ്ങളിലില്ല. വേദങ്ങൾ 'ഭേദങ്ങളററ പൊരുളിനെ കാഹളമൂതി വാഴ്ത്തുന്നവ'യാണല്ലോ.

7. ധൃതസൌഹൃദൻ=സ്നേഹത്തോടുകൂടിയവൻ. ഹിതഭാഷികൾ=ഹിതം (വേണ്ടതു്) പറയുന്നവർ. ഏകകണ്ഠർ=ഒരേ ശബ്ദത്തോടുകൂടിയവർ. മുസൽമാൻസമാജം=മുസ്ലീംസംഘം; മുഹമ്മദുനബി അനുയായികളോടു അനുഷ്ഠാനത്തിൽ കൊണ്ടുവരാൻ ഉപദേശിച്ച സർവ്വജനസാഹോദര്യംതന്നെയാണ്, ഗാന്ധിജിയും ഉപദേശിച്ചത്. ഹിതഭാഷികൾ (പ്രവാചകന്മാർ) എല്ലാവരും ഏക-

Digitized By Kerala Sahitya Akademi

ഹിതഭാഷികളേകകണ്ഠർത്താൻ
സതതം, ശ്രീ മുസൽമാൻസമാജമേ. 7

ഗുരുരക്ഷകനന്തരിച്ചുപോയ്,
തരുവാനാരഭയം നമുക്കിനി?
ഒരു മിന്നൽമിടിപ്പുമാത്രമായ്–
വരുമോ, ഭാരതമുക്തിസൗഭഗം? 8

മതി ശങ്കകൾ: മാതൃഭൂവിനെ–
ക്കൃതിപുത്രൻ വെടിയാ, മരിക്കിലും;
ഗതി കൈത്തുടരാം: നമുക്ക ത–
ദ്ധൃതിതാൻ നേർവഴികാട്ടുമിന്നിയും. 9

---

കണ്ഠർത്താൻ (ഒരേ തത്ത്വത്തെത്തന്നെയാണ് ഉപദേശിക്കുന്നത്.) സതതം=എന്നെന്നും.

8. ഗുരുരക്ഷകൻ—ഉപദേഷ്ടാവും രക്ഷിതാവുമായ ഗാന്ധിജി. ഭാരതമുക്തിസൗഭഗം=ഇന്ത്യയുടെ മോചനത്തിന്റെ സൗന്ദര്യം. ഗാന്ധിജിയുടെ നിര്യാണത്തോടുകൂടി സ്വാതന്ത്ര്യം നിഷ്പ്രഭമായേക്കുമോ എന്ന് ആശങ്ക.

9. കൃതിപുത്രൻ—(മാതൃഭൂമിയുടെ സ്വാതന്ത്ര്യം നേടിയതുകൊണ്ട്) കൃതാർത്ഥനായ പുത്രൻ. മരിക്കിലും—'ജനനീജന്മഭൂമിശ്ച സ്വർഗ്ഗാദപിഗരീയസീ' എന്നുണ്ടല്ലോ. ഗതികൈത്തുടരാം=വീണ്ടും മുന്നോട്ടു പോകാം. തദ്ധൃതി=അദ്ദേഹത്തിന്റെ പ്രകാശം; ഉപദേശങ്ങളെന്നു താല്പര്യം. ഇന്നിയും=ഇനിയും.

Digitized By Kerala Sahitya Akademi

ദരിദ്രനാം ഗാന്ധിജി കൊണ്ടുവന്നത–
ന്നൊരിപ്പരാധീന്യവിമുക്തിഭൂതിയെ
കരിമ്പുഴുക്കൾക്കു് കരണ്ടുതിന്നുവാ–
ന്നൊരിക്കലും വിട്ടുകൊടുക്കുകില്ല നാം!

---

10. ദരിദ്രനാം — ഗാന്ധിജിക്കു ഭൗതികസ്വത്തൊന്നുമുണ്ടായിരുന്നില്ല. പരാധീന്യവിമുക്തിഭൂതി=പാരതന്ത്ര്യത്തിൽനിന്നുള്ള മോചനമാകുന്ന ഐശ്വര്യം. കരിമ്പുഴുക്കൾ — വർഗ്ഗീയവാദികളും അതുപോലുള്ള പിൻതിരിപ്പന്മാരും. സ്വാതന്ത്ര്യത്തെ നിലനിർത്താൻ സർവ്വഥാ പ്രയത്നിക്കണമെന്നാശയം.

Digitized By Kerala Sahitya Akademi

V

(കാകളി)

ആയിരമോടൊത്ത റ്റൊററിരുപത്തിമൂ-
ന്നാമതാമാണ്ടിൻ മകരമാം മാസമേ,
പെട്ടെന്നു നിന്നുദരത്തിലകപ്പെട്ടു,
നഷ്ടമായ്പ്പോയ്, ജഗത്തിൻെറ സർവ്വസ്വവും!
എല്ലാഗ്ഗുണംകൊണ്ടുമിത്ര മികച്ചൊരു
കല്യാണരത്നം, നൃലോകചൂഡോചിതം
എത്രതാണ്ടിനു മുമ്പുണ്ടോ വിളഞ്ഞു ഹാ,
സമ്പന്നമാമൃഷിഭൂവിൻ ഖനിയിലും?

---

മകരം — ഏററവും ബുഭുക്ഷയുള്ള ഒരു ജാതി വലിയ മത്സ്യം. ഗാന്ധിജിയെപ്പോലും വിഴുങ്ങിയ മകരമാസം പ്രസ്തുത മത്സ്യത്തെ അനുസ്മരിപ്പിക്കുന്നു. സർവ്വസ്വ=(ഭൗതികവും ആധ്യാത്മികവുമായ) എല്ലാസ്വത്തും. എല്ലാഗ്ഗുണം — ശോഭ, അമൂല്യത, അപൂർവ്വത, ദാർഢ്യം, മംഗളദായകത്വം മുതലായവയാണ് രത്നത്തിൻെറ ഗുണങ്ങൾ. ഇത്തരം ഗുണങ്ങൾ ഗാന്ധിജിയ്ക്കുമുണ്ടായിരുന്നുവല്ലോ. കല്യാണരത്നം=കല്യാണപ്രദമായ രത്നം. (എല്ലാ രത്നങ്ങളും കല്യാണദായകങ്ങളല്ല.) നൃലോകചൂഡോചിതം=മനുഷ്യലോകത്തിനു മുഴുവൻ ശിരോലങ്കാരമാവാൻ പററിയതു്. സമ്പന്ന.......ഖനി— ലോകത്തിൽ ഏററവുമധികം മാതൃകാമനുഷ്യരുണ്ടായിട്ടുള്ളതു് ഈ ആർഷഭൂമിയിലാണ്. വിപത്തു്=വിദേശീയരുടെ പലപ്പോഴുമുള്ള ആക്രമണം, ചൂഷണം, അടിമത്തം, മഹാന്മാരായ ദേശീയനേതാക്കന്മാരുടേയും മററും മരണം, വിഭജനം മുതലായ ആപത്തു്. ഉ.

Digitized By Kerala Sahitya Akademi

വന്ന വന്ന വിപത്തൊക്കെസ്സഹിച്ചുകൊ-
ണ്ടിന്നലെയോളമുയിർക്കൊണ്ട ഭാരതം
ഇന്നു മരിയ്ക്കുതാൻചെയ്തു, വെടിയേററു
വന്ദ്യൻ മഹാത്മജി വീണതോടൊപ്പമേ!
സൂര്യൻ മറവിലായ്; മഞ്ഞിലൂടേ മിഴി
നീരൊഴുക്കി, നിറംകെട്ട ദിക്കുകൾ;
മാരുതനും തുടൾ വീർപ്പുമുട്ടി; ക്ഷണ-
നേരം നിരാകമ്പമാ നരൈഘോർണ്ണവം!
കാരുണ്യമൂർത്തിയാമിപ്പതിതപ്രജോ-
ദ്ധാരകൻ പേർത്തുഴന്നേല്പാൻ സ്വജീവനെ,
ചോരയൊലിച്ചു മുറിപ്പെട്ട തന്തിരു-
മാറിനകത്തെയ്ക്കുയച്ചിതോ സർവ്വരും!

---

യിർക്കൊണ്ട=ജീവിച്ച. 'ക്ലൈബ്യം മാസ്മഗമഃ പാർത്ഥ' എന്ന ഗീതാവചനം പഠിച്ച ഭാരതം ഈ വിപത്തുകളെ അവഗണിച്ചു ജീവിച്ചുവെങ്കിലും, ഗാന്ധിജിയുടെ അത്യയത്തോടുകൂടി കദനഭാരം താങ്ങാനാവാതെ മരിയ്ക്കുകതന്നെ ചെയ്തു (മൃതപ്രായമായിത്തീർന്നു)വെന്നു താല്പര്യം. മഞ്ഞിലൂടേ—മകരത്തിലെ മഞ്ഞു പ്രസിദ്ധമാണല്ലോ. നിറംകെട്ട—മഞ്ഞുകൊണ്ടു മങ്ങിയ (വ്യസനംകൊണ്ടു വിവർണ്ണങ്ങളായ). ആ ദാരുണസംഭവം എല്ലാ നാടുകളെയും ദുഃഖിപ്പിച്ചുവെന്നു വ്യംഗ്യം. ആ നരൈഘോർണ്ണവം=പ്രാർത്ഥനായോഗത്തിലെ ആൾക്കൂട്ടമാകുന്ന കടൽ. പ്രകൃതിയോടൊപ്പം മനുഷ്യരാശിയും നിശ്ചേഷ്ടമാകുന്നു. പതിതപ്രജോദ്ധാരകൻ=എളിയവരെ ഉദ്ധരിക്കുന്ന ആൾ: ഗാന്ധിജിയുടെ ഉയിർത്തെഴുന്നേല്പിന്നുവേണ്ടി എല്ലാവരും തങ്ങളുടെ ജീവനെ അദ്ദേഹത്തിന്റെ അകത്തെയ്ക്ക് അയച്ചുവോ എന്ന് ഉൽപ്രേക്ഷ.

Digitized By Kerala Sahitya Akademi

സാഹസകമ്മിതുചെയ്യോലാ സദ്ഗുരു–
സ്നേഹാദരാകുലർ നിങ്ങൾ സഗർഭ്യരേ!
ഇമ്മണിമെയ്യിൽക്കടക്കവാനർഹമോ,
നമ്മളിലാരുടെയെങ്കിലും ജീവിതം?
പ്രത്യഹം ധ്യാനാൽ ശിരസ്സിൽനിന്നോലുന്ന
സത്യാമൃതദ്രവംകൊണ്ടു സംക്ഷാളിതം,
ഹൃദ്യയാം ശാന്തിതൻ തോത്തിത്തുടയ്ക്കലാൽ
ശുദ്ധാതിശുദ്ധ,മിപ്പുണ്യകളേബരം;
മുഗ്ദ്ധരാം നമ്മുടെ ജീവിതമോ, മത–
സ്പർദ്ധാപരസ്പരധ്വംസമലിമസം!

---

സാഹസക്കർമ്മ്—ഗാന്ധിജിയുടെ സ്വച്ഛദേഹത്തിൽ സ്വ പ്രാണനെ പ്രവേശിപ്പിയ്ക്കുക എന്ന അവിവേകം. സഗർഭ്യർ=സഹോദരർ. സദ്ഗുരുസ്നേഹാദരാകുലർ=ശ്രേഷ്ഠനായ ഗുരുവിനോടുള്ള സ്നേഹത്താലും ആദരത്താലും വശംകെട്ടവർ. ഗാന്ധിജിയുടെ ദേഹത്തിൽ പ്രവേശിയ്ക്കത്തക്ക പരിശുദ്ധി നമ്മുടെ ആത്മാക്കൾക്കില്ലല്ലോ. അത് എടുത്തുപറയുന്നു: പ്രത്യഹം=ദിവസംതോറം. സത്യാമൃതദ്രവം=സത്യമാകുന്ന അമൃതദ്രവം. സംക്ഷാളിതം=നല്ലപോലെ കഴുകപ്പെട്ടത്. ഹൃദ്യ=ഹൃദയപ്രിയ. ശുദ്ധാതിശുദ്ധം=ഏററവും പരിശുദ്ധം. പുണ്യകളേബരം=പാവനശരീരം. ധ്യാനനിരതരായ യോഗികൾക്ക ശിരസ്സിൽനിന്നു അമൃതു പൊഴിയുമെന്നു യോഗശാസ്ത്രം. ഇവിടെ, സത്യത്തിലുള്ള അചഞ്ചലവിശ്വാസംകൊണ്ടുണ്ടാകുന്ന മാനസികസംശുദ്ധി ശരീരത്തെയും പവിത്രമാക്കുന്നു എന്നു താല്പര്യം. മുഗ്ദ്ധർ=മോഹിതർ. മത....മലീമസം=മതമത്സരംകൊണ്ടു തമ്മിൽത്തമ്മിൽ നടത്തുന്ന ഹിംസയിൽ മലിനം; ജീവിതത്തിൻെറ വിശേഷണം. നമ്മുടെ ജീവനെ ഗാന്ധി

Digitized By Kerala Sahitya Akademi

മദ്യമൊഴിക്കായ്ക തീർത്ഥനീർക്കുപ്പിയിൽ;
ഇത്തിൾ പെറുക്കിയിടായ്ക, പൊൻചെപ്പിൽ നാം!

മർത്ത്യർതൻ പേക്കൂത്തു കണ്ടു മനംമടു-
ത്തത്രേ സ്ഥലമാററമർത്ഥിച്ചു ബാപ്പുജി;
നിർത്തേണ്ട, നില്ക്കുവാൻ വയ്യ, പോയ്ക്കൊള്ളട്ടെ
പൃത്ഥ്വിക്കു ചേർന്നതല്ലിദ്ദിവ്യജീവിതം!
ബുദ്ധനും കൃസ്തുവും താൻതാൻ തിരിച്ചുപോയ്
വർത്തിച്ച ദേശമേ, ഗാന്ധിക്കുമാലയം,
'ആക്കമെനാഹാരചര്യയാൽ പ്രാണനെ-
പ്പോക്കാം;-മതിൽധീരമൃത്യുതാനെത്തുവാൻ?

---

ജിയുടെ ദേഹത്തിൽക്കടത്തുന്നതു തീർത്ഥക്കുപ്പിയിൽ മദ്യമൊഴിക്കുന്നതുപോലെയും, പൊന്നളുക്കിൽ ഇത്തിൾ (കക്ക) പെറുക്കിയിടുന്നതുപോലെയുമാണ് എന്ന്.

സ്ഥലമാററമർത്ഥിച്ചു—മരിക്കുന്നതിന്ന് ഏതാനും നാളുകൾക്കുമുമ്പ് മഹാത്മജി, തന്നെ ഈ ലോകത്തിൽനിന്നു മറെറാരു ലോകത്തിലേക്കു കൊണ്ടുപോകേണമേ എന്ന്, ഈശ്വരനോടു പ്രാർത്ഥിക്കുകയുണ്ടായി. നിർത്തേണ്ട—ഈ ലോകത്തിൽ ഇനിയും താമസിപ്പിക്കേണ്ട. പൃത്ഥ്വിക്കു ചേർന്നതല്ല—ഭൂമിയിലെ ജീവിതം പാപകലുഷമാണ്: ഗാന്ധിജിയുടേതു ദിവ്യം (സ്വർഗ്ഗത്തിനു യോജിച്ചത്) ആണല്ലോ. ദേശമേ=ദേശംതന്നെ. ആലയം=വാസസ്ഥാനം. അനാഹാരചര്യ=നിരാഹാരവ്രതം. ധീരമായി ജീവിച്ച ഗാന്ധിജി ധീരമായ മരണത്തെയും അഭിലഷിച്ചു. അതുകൊണ്ടാണ്, വീരോചിതമായവിധമാകണം തന്റെ മരണമെന്ന് ഒരു അന്തേവാസിയോടു പറഞ്ഞത്. പ്രാർത്ഥനായോഗത്തിൽ ബോംബു

Digitized By Kerala Sahitya Akademi

ത്തൂക്കമരത്തിൽക്കയറിയോ, സസ്മിതം
തോക്കുണ്ടയേററോ മരിയ്ക്കുമാറാക ഞാൻ!?
എന്നാളിവാഞ്ഛിച്ച നിർഭയൻ; തൻനെഞ്ചിൽ
വന്നുപതിയ്ക്കയുംചെയ്തു തോക്കുണ്ടകൾ.
നന്നായ്ക്കഴിച്ചാനയാൾ ഗുരുദക്ഷിണ;
നമ്മൾ മൃഷാശിഷ്യർ; നാഥുറാം ഭക്തിമാൻ!

---

വീണപ്പോൾ മഹാത്മജി പ്രദർശിപ്പിച്ച ധീരത കണ്ടു പ്രശംസിച്ച ലോകത്തോട് അദ്ദേഹം, മരണത്തെ പുഞ്ചിരിയോടുകൂടി എതിരേല്പാൻ തനിയ്ക്കു സാധിയ്ക്കുന്ന പക്ഷമേ ആ പ്രശംസയർഹിയ്ക്കുന്നുള്ളു എന്നു പറയുകയുണ്ടായി. നിർഭയൻ—ഗീതയുടെ സന്ദേശമനുസരിച്ചു ജീവിയ്ക്കുന്നതുകൊണ്ടു പേടിയററവൻ മൃഷാശിഷ്യർ=ശിഷ്യത്വം നടിയ്ക്കുന്നവർ. ഗുരുവിന്റെ ആഗ്രഹം സാധിപ്പിയ്ക്കാത്ത നാം ശരിയ്ക്കുള്ള ശിഷ്യരല്ലെന്നും അതു സാധിപ്പിച്ച നാഥുറാമാണ് ഗുരുഭക്തിമാനെന്നും പരിഹാസം:

---

Digitized By Kerala Sahitya Akademi

## VI

(പാന)

ദില്ലിയിൽബ്ബിർളയെന്ന കുബേരൻെറ
വെള്ളിമാമലയിങ്കലൊരു കോണിൽ
അർദ്ധനഗ്നനായ്ശുഷ്ക്കാംഗനായ്ജ്ജഗ-
ദ്ധൃതിയ്ക്കു തപം ചെയ്തിട്ടമൃഷി
നിത്യകൃത്യമാം പ്രാർത്ഥനായോഗത്തി-
ന്നെത്തിടുന്ന മഹത്താം മുഹൂർത്തത്തെ
കാത്തുനില്പായ് പരന്ന പുരുഷാരം,
കാററമന്നിളകാത്ത കടൽ പോലെ,
അന്നരാംബുധിയ്ക്കിന്നും യഥാകാലം
വന്നുദിച്ചു, തൻവാർതിങ്കളെങ്കിലും
നിന്നിരുന്നു ഹാ, വായ് പിളർത്തി ഗ്രസി-
യ്ക്കുന്നതിന്നൊരു നീചരാഹുഗ്രഹം!

---

വെള്ളിമാമല=കൈലാസം; വെള്ളിമാമലപോലുള്ള മഹാസൗധമെന്നർത്ഥം. കുബേരനത്രേ, കൈലാസനാഥൻ. ശുഷ്ക്കാംഗൻ=(വ്രതചര്യകളെക്കൊണ്ടു) ശോഷിച്ച അവയവങ്ങളോടുകൂടിയവൻ. പ്രാർത്ഥനായോഗമാകുന്ന ആ നിശ്ചലമായ ആൾക്കടലിൽ ഗാന്ധിജിയുടെ ആഗമനം വേലിയേററം (ആഹ്ലാദം) ഉണ്ടാക്കി എന്നു വ്യംഗ്യം. മോചനമില്ലാത്ത ഗ്രാസമായതുകൊണ്ടു രാഹുവിന്നു നീചനെന്ന വിശേഷണം ഉപപന്നമായിരിക്കുന്നു.

Digitized By Kerala Sahitya Akademi

'പോരുമിത്രയു,മാപ്തയാം മുക്തിതൻ
മാറു കത്തിപ്പിളൎന്നുകഴിഞ്ഞതല്ലോ;
വൈരദംഷ്ട്ര വെടിഞ്ഞിനി, മൎത്ത്യർതൻ
ചേരിയിൽത്തന്നെ ചേരുക നാ'മെന്നോ;
'ആത്മരാമയല്ലാരുടെ കണ്ണീരാൽ
സ്വാൎത്ഥവാടി നനയ്ക്കായ്ക നാ'മെന്നോ;
'ലോഭമല്ല,ലംഭാവമാണ,ക്ഷയ-
ലാഭമാം വ്യവസായം നരക്കെ'ന്നോ;
ചക്രവാളത്തിൻെറ ചന്ദ്രികയേതിരുൾ-
മുക്കിലും വെണ്മ വീശും മുറയ്ക്കെ'ന്നോ;
'എത്തിടേണ്ടുമിടത്തു ചെന്നെത്തുവാൻ
സത്യമൊന്നേ വെളിച്ചം നമുക്കെ'ന്നോ;

---

ആപ്തയാംമുക്തി=കൈവന്ന സ്വാതന്ത്ര്യം. മുക്തിയുടെ മാറു കത്തിപ്പിളൎന്നുവെന്നത് ഇന്ത്യയെ രണ്ടായി വിഭജിച്ചതിനെ സൂചിപ്പിയ്ക്കുന്നു. മൎത്ത്യർതൻചേരിയിൽ—ഇതുവരെ മൃഗങ്ങളെയോ രാക്ഷസരെയോപോലെയാണ്, വൎഗ്ഗമത്സരത്താൽ നാം സഗർഭ്യരോടു പെരുമാറിയിരുന്നത്. സ്വാൎത്ഥവാടി=തൻകാൎയ്യമാകുന്ന പൂന്തോട്ടം. അന്യരുടെ ദുഃഖത്തെ നമ്മുടെ സുഖത്തിനുവേണ്ടി വിനിയോഗിയ്ക്കരുതെന്നൎത്ഥം. ലോഭം=ധനത്തിലുള്ള അത്യാഗ്രഹം. അലംഭാവം=മതി എന്നു വിചാരം. അക്ഷയലാഭമാം വ്യവസായം=നശിയ്ക്കാത്ത ലാഭമുണ്ടാക്കുന്ന തൊഴിൽ. അലംഭാവം കൊണ്ടേ അനശ്വരക്ഷേമം വരൂ എന്നു താല്പൎയ്യം. ഇരുൾമുക്ക്—പരിഷ്കാരമൊന്നുമില്ലാത്ത കുഗ്രാമമെന്നൎത്ഥം. വെണ്മവീശും—പരിഷ്കാരവും ജീവിതസന്തുഷ്ടിയുമുണ്ടാകും. എത്തിടേണ്ടുമിടം=പ്രാപ്യസ്ഥാനം. ഗാന്ധിജി പ്രാൎത്ഥനായോഗങ്ങളിൽ പ്രസംഗിയ്ക്കാറുള്ള വിഷയങ്ങളെയാണ് മേൽക്കാണിച്ച ഈരടികളിൽ സൂ

Digitized By Kerala Sahitya Akademi

ഇന്നുപന്യസിച്ചീലാ, സരളമാം
സുന്ദരഭാഷകൊണ്ടത്തിരുമുഖം.
ഭീമഘാതത്തെയർപ്പിച്ച തോക്കിനു
രാമനാമമൊന്നേകി വിരമിച്ചു!

വെട്ടു-കുത്തു-തീവെപ്പു-വെടികളാൽ-
പ്പട്ടടപ്പറമ്പായ്ത്തീർന്ന പാരിലും
പാദചാരിയായ്ച്ചെന്നു ചൊന്നതൊരാൾ
സ്വാദുസൗഭ്രാത്രവിത്തു വിതച്ചിതോ,
നന്മയെ ഉൽക്കമേതൊരു വൃദ്ധനു
കർമ്മചര്യതാൻ വിശ്രമമെന്നൊന്നും,
അമ്മഹാനിതാ, വീണുകിടക്കുന്നു,
നമ്മുടെ നെഞ്ചുടഞ്ഞതിൻ ധൂളിയിൽ!

---

ചിപ്പിച്ചിട്ടുള്ളത്. സരളമാം സുന്ദരഭാഷ—മഹാത്മജിയുടെ ഭാഷയുടെ സാരള്യവും സൌന്ദര്യവും സുപ്രസിദ്ധമാണല്ലോ. ഭീമഘാതം=ഭയങ്കരമായ അടി. ഇങ്ങോട്ടുപദ്രവിച്ച തോക്കിന്, അതിന്റെ പാപം തീരാനോ എന്നു തോന്നുമാറു രാമനാമം അർപ്പിക്കുന്നു. രാമനാമത്തിന്റെ മഹത്ത്വംകൊണ്ടാണല്ലോ, ഹിംസാനിഷ്ണാതനായ വ്യാധൻ മഹത്ത്വമേറിയ ഋഷി(വാല്മീകി)യായി മാറിയത്.

വെട്ടു..................പാരിലും=വർഗ്ഗീയലഹളകൾ കൊടുമ്പിരിക്കൊണ്ടിരുന്ന നൗഖാലിയിലും മററും കാൽനടയായിച്ചെന്നു മഹാത്മജി സർവ്വസാഹോദര്യം പ്രസംഗിക്കുകയുണ്ടായല്ലോ. കർമ്മചര്യ=പ്രവൃത്തിയെടുക്കൽ. പതിവായി ചർക്കയിൽ നൂൽ നൂററിരുന്ന ആ വൃദ്ധകർമ്മയോഗി പണിയെടുക്കുന്നതിലാണ് വിശ്രമസുഖമനുഭവിച്ചിരുന്നത്. ധൂളി=പൊടി. നെഞ്ച്=ഹൃദയം; ആശകൾ. വെടിവെയ്ക്കപ്പെട്ടതോടുകൂടി നമ്മുടെ ഹൃദയം ഉടഞ്ഞു ധൂളിയായിത്തീർന്നു; ആ ധൂളിയിലാണ് അദ്ദേഹം വീണുകിടക്കുന്നത്!

Digitized By Kerala Sahitya Akademi

ലോകപൂജ്യരിലഗ്രിമനാതിഥ്യ-
മേകിയ പുതുശീമോൻഭവനമേ,—
തുല്യഭാവനനാകിയ ബാപ്പുജി
തെല്ലുനാറം വാണ ബിർളാസദനമേ—
അല്ലിതിൻവരവോടേ നിലച്ചു നിൻ
ദുർല്ലഭാതിഥിപൂജാശുഭാർജ്ജനം.
നിന്നിൽനിന്നൊട്ടുനേരത്തിനുമുമ്പേ,
പൊന്നുപൗത്രിതൻ തോളത്തിടംകയ്യും,
ഊന്നുകമ്പുമേൽത്തുവലംകയ്യുമായ്—
പ്പോന്നപോലല്ല, താവകീനാതിഥി

---

അഗ്രിമൻ=മുമ്പൻ. ആതിഥ്യം=വിരുന്ന്. പുതുശീമോൻഭവനം=പുതിയ ശീമോന്റെ വീട്. കോടീശ്വരനായ ബിർളയെയാണ്, ഇവിടെ ശീമോനോടു ഉപമിച്ചിരിക്കുന്നത്. ക്രൈസ്തവവേദപ്രഖ്യാതനായ ശീമോൻ, ഗലേലയിലെ നെയിൻപട്ടണത്തിലെ മഹാധനികനായ ഒരു യഹൂദപ്രഭുവായിരുന്നു; അദ്ദേഹം സ്വഭവനത്തിൽവെച്ചു ക്രിസ്തുവിന്ന് ആതിഥ്യം നല്കുകയുണ്ടായി. അതുപോലുള്ള മററൊരു ക്രിസ്തുവിന്ന് വിരുന്നേകിയതുകൊണ്ടാണ് ബിർളാമന്ദിരത്തെ 'ശീമോൻഭവന'മെന്നു വിളിച്ചത്. അല്ല്=രാത്രി; വ്യസനമെന്നും. ദുർല്ലഭാതിഥിപൂജാശുഭാർജ്ജനം=ദുർല്ലഭന്മാരായ അതിഥികളുടെ പൂജകൊണ്ടുള്ള പുണ്യം നേടൽ. വ്യവസായികളുടെ ലാഭലോലുപത്വം ധ്വനിക്കുന്നു. 'സത്തരെ അണയുമസ്ഥലമല്ലോ പുണ്യമെന്നു പറയുന്നതു ലോകർ' എന്ന കാളിദാസവചനമോക്കുക. ഇനി ബിർളഗൃഹത്തിന്ന് ഇതുപോലെ സത്തമനായ മററൊരതിഥിയെ ലഭിക്കില്ലെന്നത്ഥം. പൊ

Digitized By Kerala Sahitya Akademi

നിങ്കലെയ്ക്കു തിരിച്ചെത്തിയതയ്യോ—
സങ്കടമിതാരാനമൂഹിച്ചിതോ—
തങ്കമെയ്യിൽനിന്നസ്രമൊലിയ്ക്കുമി–
ച്ചെങ്കതിരവനാസ്താദ്രിയായി നി!

വൈദ്യുതദീപനേത്രലക്ഷം മിഴി–
ച്ചാർത്തയാം ദില്ലിയേതിനെത്തേടിയോ,
ഉന്നമിച്ചാഷ്രാജ്യതേജസ്സതു
ചെന്നുചേൻുപോയ്, നക്ഷത്രലോകത്തിൽ.

* * * *

ത്രി—ആഭ എന്നു പേരായി ഗാന്ധിജിയെ ശുശ്രൂഷിച്ചുപോന്ന പൌത്രി. ഊന്നുകമ്പ്=ഊന്നുവടി. താവകീനാതിഥി=നിൻെറ (ബിർളാഗൃഹത്തിൻെറ) വിരുന്നുകാരൻ. പോന്നപോലല്ല—ഗൃഹത്തിൽനിന്നു നടന്നുപോരികയും ഗൃഹത്തിലെയ്ക്കു എടുത്തുകൊണ്ടു പോവുകയുമാണല്ലോ ഉണ്ടായത്. അസ്രം=രക്തം. അസ്താദ്രി=അസ്തമയപവ്വതം. അസ്താദ്രിയായി—ചെങ്കതിരവൻ അവിടെ മറഞ്ഞു! ഗാന്ധിജിയെ അകത്തെയ്ക്കു കൊണ്ടുപോയി.

ലക്ഷക്കണക്കിലുള്ള വൈദ്യുതദീപങ്ങളെ ദില്ലിയുടെ കണ്ണുകളായി കല്പിച്ചിരിയ്ക്കുന്നു. ആത്ത=ദുഃഖിത. ഉന്നമിച്ച്=ഉയന്ന്. സത്യം, അഹിംസ, ത്യാഗം, ശാന്തി ഇവയാണ് ആഷരാജ്യത്തിൻെറ ആദൎശങ്ങൾ; ഈ ആദൎശങ്ങളനുസരിച്ചു ജീവിച്ചിരുന്നതിനാൽ ഗാന്ധിജിയെ ആഷഭൂമിയുടെ തേജസ്സായി അധ്യവസായം ചെയ്തിരിയ്ക്കുന്നു. ദേൽഹി കാണാൻ കൊതിച്ച ആ ദിവ്യതേജസ്സ് നക്ഷത്രലോകത്തിലെയ്ക്കു ഉയന്നു. മഹാന്മാർ മരണശേഷം നക്ഷത്രങ്ങളായി മാറുന്നു എന്നൊരു വിശ്വാസമുണ്ട്.

Digitized By Kerala Sahitya Akademi

## VII

വ്യഥാഭയാമർഷപരിഭ്രമത്രപാ-
ഭൃതങ്ങളാം മർത്ത്യമുഖായുതങ്ങളാൽ
പരീതമായ്ത്തീൎന്നു, പരേതനിന്ത്യതൻ
പിതാവകംപൂകിയ ബിർളതൻഗൃഹം: 1

പതച്ചു പററാത്ത ഹൃദന്തരങ്ങളും
പകച്ചു, കർത്തവ്യവിമൂഢതോദയാൽ;

---

1. വ്യഥാ...............ഭൃതങ്ങൾ=ദുഃഖം, പേടി, കോപം, അമ്പരപ്പ്, ലജ്ജ ഇവയോടുകൂടിയവ. മർത്ത്യമുഖായുതങ്ങൾ.=പതിനായിരക്കണക്കിനുള്ള മനുഷ്യമുഖങ്ങൾ. പരേതനിന്ത്യതൻ പിതാവ്=മൃതിയടഞ്ഞ രാഷ്ട്രപിതാവ്. മരണത്തിൽ സ്വാഭാവികമായുണ്ടാകുന്ന വ്യസനം, സ്വന്തം ജീവിതത്തിൻെറയും രാഷ്ട്രത്തിൻെറയും ഭാവി എന്തായിരിക്കുമെന്ന പേടി, ഘാതുകൻെറ നേരെയുള്ള കോപം, അവിചാരിതവും അത്ഭുതപൂർവവുമായതുകൊണ്ട് ഇനി എന്തു ചെയ്യണമെന്നറിയാതെയുള്ള അമ്പരപ്പ്, സ്വന്തം രാഷ്ട്രപിതാവിൻെറ ജീവനെപ്പോലും രക്ഷിപ്പാൻ കഴിഞ്ഞില്ലല്ലോ എന്നും ഒരു ഇന്ത്യക്കാരനാണല്ലോ ഇതു ചെയ്തത് എന്നുമുള്ള വിചാരത്തിൽനിന്നുണ്ടായ നാണക്കേട് ഇതെല്ലാമായിരുന്നു, അപ്പോൾ ബിർളാഗൃഹത്തിനു പുറമെ കൂടിയ ആളുകളുടെ മുഖത്തു സ്ഫുരിച്ചിരുന്ന ഭാവങ്ങൾ.

2. കർത്തവ്യവിമൂഢതോദയാൽ=ഇനി എന്തുചെയ്യണമെന്നറിയാത്തതുകൊണ്ട്. ആ സംഭവം ഏതു ധീരനെയും കരയിക്കു



Digitized By Kerala Sahitya Akademi

കരച്ചിലെന്തെന്നറിയാത്ത കൺകളും
നനച്ചു, നാഥൻെറ തണുത്ത കാല്കളെ! 2

കിടച്ചിരിയ്ക്കില്ല മൃതിയ്ക്കി,തിൻവിധം
വിശുദ്ധമാം ജീവിതമൊന്നിതേവരെ;
മുടിഞ്ഞിരിയ്ക്കില്ല ജഗത്തിനി,ത്രയും
നിരർഘമായോരു നിധിപ്രകാണ്ഡവും! 3

"അഖണ്ഡസത്യാത്മകനേക,നച്ഛനെ-
ന്നിരിയ്ക്കെ, മക്കൾക്കൊരനൈക്യമൊക്കുമോ?"
ഇതാണു ചോദിച്ചതു ബാപ്പു; ഭിന്നതാ-
പ്രഗായകർക്കെന്തി,തിൽമേലപസ്വരം.? 4

---

കയും അമ്പരപ്പിയ്ക്കുകയും ചെയ്തു എന്നു താല്പര്യം. ധീരധീരനായ ജവഹർലാൽപോലും പൊട്ടിക്കരഞ്ഞതോൎക്കുക. കാല്കളെ നനച്ചു—ആളുകൾ കണ്ണീർ വാൎത്തുകൊണ്ടു് കാല്ക്കൽ നമസ്കരിച്ചു.

3. നിരർഘം=വിലമതിപ്പാൻ വയ്യാത്തതു്. നിധിപ്രകാണ്ഡം=ശ്രേഷ്ഠമായ നിക്ഷേപം. മരണത്തിന്നു് ആ പരിശുദ്ധജീവിതംപോലെ അത്രയും മികച്ച ഒരു നേട്ടവും ലോകത്തിന്നു് ഇത്ര അമൂല്യമായ ഒരു നിധിയുടെ നഷ്ടവും ഇതിന്നുമുമ്പു് ഉണ്ടായിരിയ്ക്കയില്ല.

4. അഖണ്ഡസത്യാത്മകൻ=പരിപൂൎണ്ണസത്യസ്വരൂപൻ. ദാൎശനികന്മാരെപ്പോലെ ഈശ്വരൻ സത്യമാണെന്നു ഗാന്ധിജിയും പലവുരു ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ഭിന്നതാപ്രഗായകർ=(ജാതിമത)ഭേദങ്ങളെക്കുറിച്ചു പാടുന്നവർ. വൎഗ്ഗീയവാദികൾക്കു ഗാന്ധിജിയുടെ സൌഭ്രാത്രസന്ദേശം അപസ്വരമായിത്തോന്നി.

Digitized By Kerala Sahitya Akademi

അടഞ്ഞുപോയ്, മൎത്ത്യഗണങ്ങൾതമ്മിലു-
ള്ളുടപ്പിറപ്പിൻനില കണ്ട കണ്ണുകൾ;
അടങ്ങി, സൌഭ്രാത്രവിതാനവഹ്നിയെ-
പ്പൂടത്തുവാനൂതിന പാവനാധരം! 5

'മദസ്ഥി പുണ്യസ്രവമാം ത്രിവേണിയിൽ-
പ്പതിപ്പതിൻമുമ്പു, തപിച്ച ഭാരതം
വിമോക്ഷതീൎത്ഥാഭിഷവം കഴിക്കു'മെ-
ന്നാശങ്കമായ്ച്ചൊല്ലിയതൊത്തുവെങ്കിലും, 6

സ്വമന്ത്രവീൎയ്യാഹൃതമുക്തിദേവതാ-
പ്രതിഷ്ഠ പൂരിക്കുവതിനുമുന്നമേ—

---

5. ഉടപ്പിറപ്പിൻനില=സാഹോദൎയ്യം. സൌഭ്രാത്രവിതാനവഹ്നി=സാഹോദൎയ്യമാകുന്ന യാഗാഗ്നി. പാവനാധരം=(ലോകക്ഷേമത്തിനുവേണ്ടി ചലിപ്പിച്ചിരുന്ന) പരിശുദ്ധങ്ങളായ ചുണ്ട്. ജനങ്ങൾതമ്മിലുള്ള സാഹോദൎയ്യമാകുന്ന യാഗാഗ്നിയെ ഊതിക്കത്തിപ്പാൻ ഉപയോഗിച്ചിരുന്ന ആ ചുണ്ടുകൾ ഇളകാതെയായി!

6. മദസ്ഥി=എന്റെ എല്ല്. പുണ്യസ്രവം=പുണ്യമായ പ്രവാഹത്തോടുകൂടിയത്. ത്രിവേണി=മൂന്നു നദികളുടെ സംഗമസ്ഥലം. (പ്രയാഗം). ഗംഗ, യമുന, സരസ്വതി (അന്തർവാഹിനി) ഇവയുടെ സംഗമസ്ഥലമാണ് പ്രയാഗം. (ത്രിവേണി). പ്രയാഗം പുണ്യതീൎത്ഥമാണെന്നത്രെ പൌരാണികമതം. തപിച്ച=(സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗപൂൎവ്വം) തപസ്സുചെയ്ത, സന്താപംപൂണ്ട എന്നും. വിമോക്ഷതീൎത്ഥാഭിഷവം=സ്വാതന്ത്ര്യമാകുന്ന തീൎത്ഥത്തിലുള്ള സ്നാനം. താൻ മരിക്കുന്നതിനുമുമ്പു ഭാരതം സ്വതന്ത്രമാകുമെന്നു ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

Digitized By Kerala Sahitya Akademi

അഹോ, മഹാദുർഭഗർ നാ—മചേഷ്ടമായ്–
ച്ചമഞ്ഞിതല്ലോ, ഗുരുവിൻെറ തൃക്കരം! 7
(യുഗ്മകം)

കിടത്തി നാഥൻെറ പിളൎന്ന മെയ്യിൽനി–
ന്നെടുത്തു മാററീടിന രക്തവസ്ത്രമേ,
ഇരുട്ടിനെപ്പാരിനു കൊണ്ടുവന്ന മ–
റെറാരന്തി നീ മായുകയില്ലൊരിക്കലും! 8

ഉരസ്തടം വിണ്ടു പുറത്തുപോന്നതാം
സ്വസത്വമായ്ത്തോന്നിയ ഖാദിയാടയാൽ

---

7. സ്വമന്ത്ര....പ്രതിഷ്ഠ=(അഹിംസയാകുന്ന) മന്ത്രത്തിൻെറ ശക്തികൊണ്ടു വരുത്ത(ആവാഹിക്ക)പ്പെട്ട സ്വാതന്ത്ര്യമാകുന്ന ദേവതയുടെ പ്രതിഷ്ഠ. ദുർഭഗർ=ഭാഗ്യംകെട്ടവർ. അചേഷ്ടം=ഇളകാത്തത്. സ്വാഭിലാഷം സാധിച്ചുവെങ്കിലും, പ്രതിഷ്ഠാകൎമ്മം പൂൎണ്ണമാകുന്നതിനുമുമ്പു കൈകൾ നിശ്ചലങ്ങളായി. ഇത് അമംഗളസൂചകമായതുകൊണ്ടാണ് നാം ഭാഗ്യംകെട്ടവരാണെന്നു പറഞ്ഞത്. മന്ത്രത്തിനു രാജ്യകാൎയ്യാലോചന എന്നും അൎത്ഥമുണ്ട്.

8. ചെന്നിണംകലൎന്ന ഖാദിവസ്ത്രത്തെ, ഇരുട്ടിനെ (ദുഃഖത്തെയെന്നും) കൊണ്ടുവന്നതും മായാത്തതുമായ(സാധാരാണ സന്ധ്യ മായുമല്ലോ.) മറെറാരു അന്തി (സന്ധ്യാരാഗം) യായി രൂപണംചെയ്തിരിക്കുന്നു.

9. ഉരസ്തടം=മാറിടം. സ്വസത്വം=സ്വന്തം സത്വഗുണം. അന്തിമയാനസജ്ജം=ശ്മശാനയാത്രയ്ക്കൊരുങ്ങിയത്. ശാശ്വതശാന്തിസഞ്ചയം=എന്നെന്നും നിലനില്ക്കുന്ന ശാന്തിയുടെ സമുച്ചയം; പരമസാത്വികനായ ഗാന്ധിജി. പുതപ്പിച്ച ഖാദിവസ്ത്രം അദ്ദേഹത്തിൻെറ സത്വഗുണമാണെന്ന് ഉൽപ്രേക്ഷ. സത്വഗുണ

Digitized By Kerala Sahitya Akademi

പൂതപ്പണിഞ്ഞ,ന്തിമയാനസജ്ജമായ്,-
ക്കഴിഞ്ഞു ഹാ, ശാശ്വതശാന്തിസഞ്ചയം! 9

ക്ഷണേന നാനാകുസുമങ്ങൾ ഗാന്ധിതൻ
സുകർമ്മസൗഗന്ധ്യമിയന്ന മെയ്യിനെ
പൊതിഞ്ഞു, ഭക്ത്യാദരകോമളങ്ങളാം
ജനവ്രജത്തിൻ ഹൃദയങ്ങൾ പോലവേ! 10

സഗൌരവം പൂജിതനായ് ജനങ്ങളാൽ-
സ്സജീവനെക്കാൾ മൃതനായ ഗാന്ധിജി:
എവർക്കുമിജ്ജീവിതമാല പൂർണ്ണമാ-
വതിന്നു കോർക്കേണ്ടതു മൃത്യുപുഷ്പമോ! 11

വരിച്ചു, രാജ്യോദ്ധൃതിജാഗരൂകനാ-
യിരുന്ന നേതാവൊരു ദീർഘനിദ്രയെ;

---

ത്തിൻെറ നിറം വെളുപ്പത്രേ. ശാശ്വതശാന്തി ചുട്ടുപുടവ ധരിച്ചു ശ്മശാനത്തിലേക്കു പോവുകയായി; മനുഷ്യവർഗ്ഗത്തിൻെറ ഭാവി സമാധാനരഹിതമായിരിക്കുമെന്നു വ്യംഗ്യം.

10. സുകർമ്മസൗഗന്ധ്യം=സൽക്കർമ്മങ്ങളുടെ പരിമളം. ഭക്ത്യാദരകോമളങ്ങൾ=ഭക്തികൊണ്ടും ആദരംകൊണ്ടും മൃദുലങ്ങൾ. ഈ പാദം ഹൃദയങ്ങൾക്കു പുഷ്പസാമ്യം വ്യഞ്ജിപ്പിക്കുന്നു. ആളുകൾ ഗാന്ധിജിയുടെ ദേഹത്തിൽ പുഷ്പങ്ങൾ പൊഴിച്ചു.

11. സഗൌരവം=(മഹത്ത്വത്തിനു യോജിച്ച) ഗൌരവത്തോടുകൂടി; ക്രിയാവിശേഷണം. സജീവൻ=ജീവനോടുകൂടിയവൻ. ജീവിച്ചിരിക്കുമ്പോഴത്തെക്കാളേറെ മരണാനന്തരം അദ്ദേഹം പൂജിക്കപ്പെട്ടു എന്നർത്ഥം. മരണമാകുന്ന പുഷ്പംകൂടി കോർത്താലേ ജീവിതമാല്യം പൂർത്തിപ്പെട്ടു എന്നു്.

Digitized By Kerala Sahitya Akademi

ചിരന്തനിദ്രാവശർ നമ്മളോ, മന-
സ്സെരിഞ്ഞുറങ്ങാതെ പുലർത്തി, രാത്രിയെ! 12

വയസ്സു രണ്ടായിരമാന്ന—ക്രിസ്തുവിൻ
വധം നടന്നീടിന—കാളരാത്രിതാൻ
അനൂനതാരുണ്യമൊടാപതിച്ചഹോ,
വിമോഹവൈവശ്യമിയററി ലോകരിൽ! 13

ഉദിച്ചു പിറേറന്നുമുപാത്തരാഗനായ്,
പ്രകൃത്യധീനതാവശാൽ പ്രഭാകരൻ;

---

12. രാജ്യോദ്ധൃതിജാഗരൂകൻ=രാജ്യത്തെ ഉദ്ധരിയ്ക്കുന്നതിൽ ഉണർവോടുകൂടി പ്രവർത്തിയ്ക്കുന്നവൻ. ചിരന്തനിദ്രാവശർ=വളരെക്കാലമായി ഉറങ്ങിക്കൊണ്ടിരിയ്ക്കുന്നവർ. രാജ്യോദ്ധാരണത്തിൽ ഗുരുവോടൊപ്പം നമ്മൾ ജാഗരൂകരായിരുന്നില്ലെന്നു വ്യംഗ്യം. അദ്ദേഹം ദീർഘനിദ്രയെ (മരണത്തെ) വരിച്ചപ്പോൾ, നാം നിദ്രാരഹിതരായി വ്യസനിപ്പാൻ തുടങ്ങി.

13. വയസ്സു രണ്ടായിരമാന്ന—ഏതാണ്ടു രണ്ടായിരം കൊല്ലമായല്ലോ, ക്രിസ്തു കുരിശിൽ തറയ്ക്കപ്പെട്ടിട്ട്—ആ പഴയ (കിഴവിയായ) കാളരാത്രിതന്നെയാണിത്. എന്നാൽ താരുണ്യത്തിനു കുറവൊന്നും വന്നിട്ടില്ല. ആപതിച്ച്=വന്നെത്തി. വിമോഹവൈവശ്യം=മോഹാലസ്യംകൊണ്ടുള്ള വശക്കേട്. കാളരാത്രി=മരണത്തോടടുത്ത രാത്രി. കാളരാത്രിയുടെ താരുണ്യക്കുറവില്ലായ്മ ആപാതജന്യമായ ദുഃഖത്തിന്റെ ദുസ്സഹതയെ ധ്വനിപ്പിയ്ക്കുന്നു.

14. ഉപാത്തരാഗൻ=ചുവപ്പോടു(സ്നേഹത്തോടു)കൂടിയവൻ. പ്രകൃത്യധീനതാവശാൽ=പ്രകൃതിനിയമത്തിന്ന് കീഴ്പെട്ടവനായതുകൊണ്ട്. സ്വതന്ത്രനാണെങ്കിൽ, ദുഃഖാധിക്യംകൊണ്ടു സൂര്യൻ

Digitized By Kerala Sahitya Akademi

തലേന്നു രക്തോക്ഷിതമായ ബാപ്പുവിൻ
കളേബരത്തിന്റെ പകപ്പുപോലവേ! 14

ഉദിച്ചുകൊള്ളട്ടെ പരസ്സഹസ്രമി-
ങ്ങു,ദഗ്രതേജോഭരരാം ദിവാകരർ
നമുക്കു നേരിട്ട നവീനമാകുമി-
ത്തമസ്സു നീങ്ങും പുലർകാലമെന്നിനി? 15

---

സ്വകൃത്യം നിർവഹിക്കുമായിരുന്നില്ലെന്നു ധ്വനി. രക്തോക്ഷിതം=ചോര പുരണ്ടത്. കളേബരം=ദേഹം.

15. പരസ്സഹസ്രം=എത്രയോ ആയിരം. ഉദഗ്രതേജോഭരർ=ഉൽകൃഷ്ടമായ കാന്തിപ്പെരുമയോടുകൂടിയവർ. തമസ്സ്=ഇരുട്ട്; ദുഃഖം. ആയിരക്കണക്കിൽ സൂര്യന്മാരുദിച്ചാലും, നമ്മെ ബാധിച്ചു ഈ പുതിയ തമസ്സിന്ന് അറുതിയുണ്ടാവില്ല!

Digitized By Kerala Sahitya Akademi

# VIII

(മാകന്ദമഞ്ജരി)

വാർദ്ധയിൽ മൺകുടിലൊന്നിൽ വിനീതമായ്-
പ്പാർത്തോരകിഞ്ചനദേഹമതാ,
ഉന്മുഖമാനുഷലക്ഷപരീതമാം
വന്മണിമേടതൻ വെണ്മാടത്തിൽ;
പ്രാണാത്യയത്തിലും പ്രീതമീയാനനം
കാണുവാൻ ദിവ്യരേ, കണ്ണൊപ്പുവിൻ!

കണ്ഠംമുതല്ക്കു കാലോളം ഖദർത്തുണി-
കൊണ്ടു പുതച്ചൊച്ചുടച്ച ഗാത്രം,

---

മൺകുടിലൊന്നിൽ—വാർദ്ധയിൽ ഒരു സാധാരണ ഇന്ത്യൻ ഗ്രാമീണനെപ്പോലെ നിരാഡംബരമായ ഒരു മൺകുടിലിലാണ് ഗാന്ധിജി പാർത്തിരുന്നത്. അകിഞ്ചനദേഹം=തന്റേതായി ഒന്നും ഇല്ലാത്തവന്റെ (നിസ്വന്റെ) ദേഹം. ഉന്മുഖമാനുഷലക്ഷപരീതം=മേലോട്ടു മുഖമാക്കിയ മനുഷ്യലക്ഷങ്ങളാൽ ചുററപ്പെട്ടത്. (ഗാന്ധിജിയുടെ മൃതദേഹം രാവിലെ എല്ലാവക്കും കാണ്മാൻവേണ്ടി ബിർളാഗൃഹത്തിലെ മട്ടുപ്പാവിൽ കിടത്തുകയുണ്ടായി.) പ്രാണാത്യയം=ജീവനാശം. പ്രീതം=സന്തുഷ്ടം. ദിവ്യരേ=സ്വർഗ്ഗവാസികളായ ദേവാദികളേ. ദേവകൾക്കുപോലും, ആ മൃതദേഹം കാണുമ്പോൾ കരച്ചിൽ വരുമെന്നു താൽപര്യം. ബിർളാഗൃഹം അത്യുന്നതമാകകൊണ്ട്, ആകാശചാരികൾക്കു കാണാൻ ഇപ്പോൾ സൌകര്യക്കൂടുതലുണ്ടെന്നു ധ്വനി.

Digitized By Kerala Sahitya Akademi

കണ്ടു വന്ദിച്ചവർ വർഷിച്ച പുഷ്പങ്ങാം-
കൊണ്ടു നിതാന്തം തടിച്ചുയായി:
തൂമലരല്ലോ, പിറപ്പിലേ ബാപ്പുവിൻ
കോമളസ്വച്ഛമാമന്തരംഗം;
ഹാ, മരിച്ചപ്പോഴോ, തദ്ബഹിരംഗവും
പൂമയമായ്ത്തീൻ കാണെക്കാണേ!
അത്തിരുമേനിയെ നന്നായിദ്ദർശിപ്പാ-
നിത്തിരിക്കൂടി നഭസ്സിൽപ്പൊങ്ങി,
പൊൽത്തെളിരശ്മികളാകിയ പൂക്കളെ-
ത്തത്ര ചൊരിഞ്ഞാൻ പ്രഭാതാക്കനും!
ആതുരപാശ്വസ്ഥവക്ത്രസ്രുതങ്ങളാം
ഗീതാ-കുറാൻ-ബൈബിൾവൈഖരികൾ

---

ചടച്ച ഗാത്രം.—മിതഭുക്കും കർമ്മനിരതനുമായിരുന്നതുകൊണ്ടു ശരീരം ഒട്ടും തടിച്ചിരുന്നില്ല. കോമള....രംഗം=മൃദുലവും പരിശുദ്ധവുമായ മനസ്സ്. തദ്ബഹിരംഗം=അദ്ദേഹത്തിൻെറ ശരീരം. കാണെക്കാണെ—മൃതദേഹത്തെ വന്ദിപ്പാൻ ചെന്നവരെല്ലാം പൂമാലകളപ്പിച്ചിരുന്നു; തൂമലർപോലെ മൃദുലനിർമ്മലമായ മനസ്സിന്നിണങ്ങിയതായിത്തീൻ, പുഷ്പമാല്യങ്ങളെക്കൊണ്ടു തടിച്ച ആ ശരീരവും. ജനിക്കുമ്പോൾ മനസ്സിന്നുണ്ടായിരുന്ന സ്വച്ഛത മരിച്ചപ്പോൾ ശരീരത്തിന്നുമുണ്ടായി എന്നു പറഞ്ഞതിൽനിന്നു ജീവിതകാലത്തു് പരേതൻ ആജ്ജിച്ച സാംസ്കാരികോൽക്കർഷം വ്യഞ്ജിക്കുന്നു. പൂമയമായ്—ഒരേ അവസരത്തിൽത്തന്നെ ഹിന്ദുവായും മുസൽമാനായും ജീവിച്ച ഋഷിതുല്യനായ കബീർ അന്തരിച്ച

Digitized By Kerala Sahitya Akademi

ആ മൃതദേഹത്തെയന്ത്യമായ് സ്പർശിച്ചി-
ട്ടാത്മീയശുദ്ധിയെക്കൈവെളത്തി!

ബിർളാപ്രാസാദമേ, നിഃന്നാടിതാ, യാത്രാ
ചൊല്ലി, മഹാത്മാവാം നിന്നതിഥി.
ശസ്ത്രങ്ങളാംകൊണ്ടല്ല, പുഷ്പമാല്യങ്ങളാംകൊ-
ണ്ടെത്രയും ചേലിലലംകൃതമായ്,
പോരാളർ നാല്പതുപേർ വലിക്കും പട-
ത്തേരിൽക്കരേറപ്പെട്ടപ്പനേരം,
രണ്ടുവശത്തും മനുഷ്യരാൽക്കനമതി-
ലുണ്ടായിവന്ന നിരത്തിലൂടേ
യാമുനതീരത്തിലെഴുന്നെള്ളിനാൻ,
ശ്രീമാനാമധർമ്മചക്രവത്തി!

---

പ്പോഠം, അദ്ദേഹത്തിൻെറ ശരീരം പുഷ്പമയമായി മാറിയ കഥ പ്രകൃതത്തിൽ അനുസ്മരിക്കുന്നതു നന്ന്.

പ്രഭാതസൂര്യനും മൃതദേഹം ദശിച്ചു പൂക്കളപ്പിക്കുന്നു! ആതുരപാശ്വസ്ഥവക്ത്രസ്രുതങ്ങളാം=ദുഃഖിതരായി ചുററും നില്ക്കുന്നവരുടെ വായിൽനിന്ന് ഒഴുകിയവ. ഗീതാ........വൈഖരികളാം=ഗീതയിലെയും ഖുർ-ആനിലെയും ബൈബിളിലെയും സൂക്തങ്ങളാം. (എല്ലാ മതസ്ഥന്മാരും വന്ദിപ്പാൻ ചെന്നിരുന്നുവെന്നു വ്യംഗ്യം.) ആത്മീയശുദ്ധി=തങ്ങളുടെ പരിശുദ്ധി. മൃതദേഹത്തിൻെറ അന്ത്യസ്പർശനം വൈദികസൂക്തങ്ങളാംക്കപോലും പരിശുദ്ധി നല്കി!

പ്രാസാദം=മണിമാളിക. ശസ്ത്രം=ആയുധം. പോരാളർ=പടയാളികളാം. യാത്ര ഒരു ചക്രവത്തിയുടെ ചരമയാനംപോലെ സൈനികരഥത്തിലായിരുന്നു; അതു 40 പടയാളികളാം വലിച്ചു. ധാ

Digitized By Kerala Sahitya Akademi

തിങ്ങിഞെരുങ്ങി, ജനങ്ങൾ നടേത്തെക്കാൾ;
മംഗളശംഖൊലികൾക്കിടയിൽ
പൊങ്ങി, രഘുപതിരാഘവരാജാറാ:-
മെങ്ങുമേ 'ഗാന്ധിജി കീജൈ'കളും.

രാജസൂയാവസാനത്തിലവഭൃഥ-
മാചരിപ്പാനായജാതശത്രു
അന്നു കാളിന്ദിയിലെയ്ക്കു നടകൊണ്ട-
തൊന്നോർത്തിരിയ്ക്കാം,മിന്ദ്രപ്രസ്ഥം.

---

ന്മികചക്രവർത്തിയായതുകൊണ്ടു ശസ്ത്രങ്ങളുടെ സ്ഥാനം പുഷ്പമാല്യങ്ങൾക്ക ലഭിച്ചു. യാമുനതീരം—യമുനയുടെ വക്കത്താണ്, ഗാന്ധിജിയെ ദഹിപ്പിച്ച പ്രസിദ്ധമായ 'രാജഘട്ടം.' 'മനുഷ്യരാൽ കനത്തിലുണ്ടായി' എന്നു പറഞ്ഞതിൽനിന്ന്, ആളുകൾ എത്രയും തിങ്ങിയും അച്ചടക്കത്തോടുകൂടിയുമാണ് നിന്നിരുന്നതെന്നു ധ്വനിയ്ക്കുന്നു.

രാജസൂയം=ഒരു യാഗം. രാജസൂയത്തിന്നുശേഷമാണ് ചക്രവർത്തിയാകുന്നത്. അവഭൃഥം=യാഗാവസാനത്തിൽ നടത്തുന്ന സ്നാനം. അജാതശത്രു=യുധിഷ്ഠിരൻ. ഇന്ദ്രപ്രസ്ഥം=ഡൽഹി. ചക്രവർത്തിത്വംകൊണ്ടുമാത്രമല്ല, ശത്രുക്കളില്ലാത്തതുകൊണ്ടും ഗാന്ധിജി ആ ഇതിഹാസപുരുഷനോടു സാദൃശ്യം വഹിയ്ക്കുന്നു. യുധിഷ്ഠിരന്റെ അവഭൃഥയാത്രയിൽ മാത്രമാണ്, ഡൽഹി നഗരം അത്രയും വലിയ ആൾത്തിരക്ക കണ്ടതെന്നു സാരം.

Digitized By Kerala Sahitya Akademi

## VIIII

(കാകളി)

അനിശ വററീ ക്രമാൽ ക്രമാൽ;—കാണായി,
ചെന്നിണച്ചേർപ്പരപ്പൊന്നു പൂവാശയിൽ:
ഇന്നലെയിന്ത്യയെ വീഴിച്ച രാക്ഷസ-
നിന്നുഷസ്സിൻെറയും നെഞ്ചം പിളർത്തിതോ!
മന്ദിരേ, മന്ദിരേ, ബാപ്പുജി, ബാപ്പുജി-
യെന്നതുമാത്രം പ്രഭാതസങ്കീർത്തനം:
ഇന്നൊരിതിയ്യിൽഗ്രഹിയ്ക്കുമല്ലോ, നര-
വൃന്ദത്തിനീശ്വരൻ വെച്ച മഹാനിധി!
വാനിൻെറ വർദ്ധിച്ച നെഞ്ചുമിടിപ്പുകഠം
കാണുമാറാക്കിപ്പറന്നു പതത്രികഠം:

---

ചെന്നിണച്ചേർപ്പരപ്പ്—പ്രഭാതത്തുടുപ്പിനെ ചുവന്ന ചോരച്ചളിയാക്കിക്കല്പിച്ചിരിയ്ക്കുന്നു. പൂവാശ=കിഴക്കെദ്ദിക്ക്. വററീ—വെള്ളം വററുമ്പോഴാണല്ലോ, ചേറു പ്രത്യക്ഷപ്പെടുന്നത്. ഇന്ത്യയെ—ഇന്ത്യയുടെ സവ്വസ്വമായ രാഷ്ട്രപിതാവിനെ രാക്ഷസൻ—രാക്ഷസോപമനായ നാഥുറാം. പിളർത്തിതോ—വർഗ്ഗീയവാദികഠം ഇതിലും കടുത്തതും ചെയ്യേയ്ക്കും എന്ന ആശങ്ക വ്യഞ്ജിയ്ക്കുന്നു. മന്ദിരേ മന്ദിരേ=ഓരോ വീട്ടിലും. എന്നതുമാത്രം=എന്നതു മാത്രമാണ്. മഹാനിധി—അമൂല്യത വ്യഞ്ജിയ്ക്കുന്നു. പതത്രികഠം=പക്ഷികഠം. പാറന്ന പക്ഷികഠം ആകാശത്തിൻെറ കാണപ്പെടാവുന്ന നെഞ്ചുമിടിപ്പുകളാണെന്ന്; അവ ശബ്ദിയ്ക്കുന്നുമുണ്ടല്ലോ. ആകാശത്തിൻെറ വികാരാധിക്യം വ്യംഗ്യം. വല്ഗു=

Digitized By Kerala Sahitya Akademi

ഗദ്ഗദോന്മിശ്രമായ്ത്തോന്നീ ചെവികൾക്കു,
വല്ഗുവെന്നാലുമവററിൻ കളസ്വനം!
എങ്ങുമേ ചിരിക്കുന്നു കണ്ണടച്ചു, നിറം
മങ്ങിയ ദില്ലിതൻ മിന്നൽവിളക്കുകൾ:
തങ്ങൾതൻ ജ്ഞാതികളായ്നിന്ന താരങ്ങ-
ളെങ്ങുപോയ് വാനിൽനിന്നെ,ന്നു ചിന്തിക്കയോ?
ഇന്ദ്രനീലാഭമാമംബരാരാമത്തിൽ
നിന്നിരുന്ന തെളിതാരകപ്പൂക്കളെ
മുൻനോക്കി നുള്ളിയെടുത്തിരിക്കാം, ജഗ-
ദ്വന്ദ്യനിൽക്കാലേ പൊഴിപ്പാൻ വിമാനഗർ!

ഭാവിയെന്താകുമെന്നിണ്ടലാണ്ടുള്ള ചു-
ട്ടാവികൾ പൊങ്ങിയ കാളിന്ദിയാം നദി,
ദേഹമഗ്നിക്കു കൊടുപ്പാൻ വരും മഹാ-
ദേവനെയന്ത്യമായൊന്നു ദർശിക്കുവാൻ,

---

മനോഹരം. ഗദ്ഗദോന്മിശ്രം = തൊണ്ടയിടച്ചയോടുകൂടിയത്. ചെവികൾക്കു—കേൾക്കുന്നവർക്കു. മിന്നൽവിളക്കുകൾ=വിദ്യുദ്ദീപങ്ങൾ. നക്ഷത്രങ്ങൾ മാഞ്ഞു; അവയ്ക്കു പുഷ്പത്വം കല്പിച്ചിരിക്കുന്നു. അംബരാരാമത്തിൽ=ആകാശമാകുന്ന പൂന്തോപ്പിൽ. മുൻനോക്കി—എല്ലാവർക്കും ആവശ്യമുള്ളതുകൊണ്ട് അന്യർ നുള്ളിയെടുത്തേക്കുമെന്നു മുൻകൂട്ടി കരുതി. വിമാനഗർ=ദേവകൾ (വിമാനസഞ്ചാരികൾ).

മഹാദേവനെ=ദേവതുല്യനായ ഗാന്ധിജിയെ; ശിവനെ എന്നും. ഗാന്ധിജിയുടെ തപഃകാഠിന്യം വ്യഞ്ജിക്കുന്നു. നവഭിക്ഷുകി=പുതുതായി സന്ന്യാസം സ്വീകരിച്ചവൾ. വ്യസനാധി

Digitized By Kerala Sahitya Akademi

നീലജലത്തിൽ നിഴലിച്ച തൂപ്പുലർ-
കാലത്തുടുപ്പായ കാഷായവസ്ത്രവും,
വെൺനരച്ചാർത്തിന്റെ ഭസ്മക്കുറിയുമായ്
നിന്നാളൊ,രു നവഭിക്ഷുകി പോലവേ!
ദൂരദേശങ്ങളിൽനിന്നുമുപാഗത-
ന്മാരായ നൂറുനൂറായിരമാനുകളാൽ,
നേരം പുലൎന്നപ്പൊഴെയ്യുമൊരാഴിയായ്
മാറി വിശങ്കടമായ നദീതടം.
എത്രയെന്നില്ലാത്ത നാനാവിധയുവ-
വൃദ്ധബാലാബലാവൎഗ്ഗം നിരക്കയാൽ
മൎത്ത്യലോകത്തിൻ ചുരുക്കം വരച്ചോരു
ചിത്രമായ്ത്തീൎന്നു, സരിത്തിൻ മണൽപ്പുറം.
ബിർളാഗൃഹംതൊട്ടു രാജഘട്ടംവരെ-
യ്ക്കുള്ള മാൎഗ്ഗങ്ങളിൽ വൃക്ഷങ്ങൾകൂടിയും

---

കൃതാലുണ്ടായ വൈരാഗ്യംകൊണ്ടോ, മഹാദേവനെ ദർശിക്കുന്ന തിന്നു കൂടുതൽ പരിശുദ്ധി നേടുന്നതിനുവേണ്ടിയോ ആകാം, കാളിന്ദി ഭിക്ഷുകീവേഷം പൂണ്ടത്. ദൂരദേശങ്ങളിൽനിന്നും—ദൂരപ്രദേശങ്ങളിൽനിന്നുകൂടിയും. ഉപാഗതന്മാർ=വന്നെത്തിയവർ. വിശങ്കടം=വിശാലം. നദീതടം ആഴിയായതു് അത്ഭുതം. നാനാ.... ....വൎഗ്ഗം=പലതരക്കാരായ യുവാക്കളുടെയും വയസ്സന്മാരുടെയും കുട്ടികളുടെയും സ്ത്രീകളുടെയും കൂട്ടം. സരിത്ത്=പുഴ. മനുഷ്യരാശിയുടെ ഒരു സംക്ഷിപ്തരൂപം അവിടെ ദർശ്യമായിരുന്നു. അല്ലലിൻ മാനുഷദേഹങ്ങളെ ചുമന്നു്—യാത്രകാണാൻ വൃക്ഷങ്ങളിൽ

Digitized By Kerala Sahitya Akademi

അല്ലലിൻ മാനുഷദേഹങ്ങളെച്ചുമ-
ന്നല്ലോ നിലക്കൊണ്ടു, മഞ്ഞുകണ്ണീരുമായ്!

ദുന്നിരോധത്തിൽനിന്നുപ്പിനെ വീണ്ടെടു-
ക്കുന്നതിന്നാണ്ണവത്തിങ്കലെല്ലാം, സ്വയം
ഐക്യത്തെ രക്ഷപ്പെടുത്താൻ സഹോദര-
പ്പോർക്കടുംഘോരകടലിങ്കലെല്ലാമേ,
സിദ്ധിയോരോന്നും തഴകിത്തഴലോടിന
വൃദ്ധപാദങ്ങളാലാർ നടകൊണ്ടുവോ,
അദ്ധമ്മയോദ്ധാവണിപ്പടത്തേരേറി-
യത്രേ ഗമിച്ചു, തന്നന്ത്യശയ്യാപദം;
രഥ്യങ്ങളായ്നിന്ന പോരാളിമാർകളും
സത്യാനൃശംസ്യൈകവാഹികൾ സാമ്പ്രതം!

---

കയറിക്കൂടിയ മനുഷ്യർ ആ വൃക്ഷങ്ങളുടെ വ്യസനഭാരമാണോ എന്ന് ഉൽപ്രേക്ഷ.

ദുന്നിരോധം—എല്ലാവരുടെയും നിത്യോപയോഗത്തിനുള്ള ഉപ്പിന്ന് നികുതി കെട്ടുന്നതു ധമ്മശാസ്ത്രസമ്മതമല്ല. ആ ദുഷിച്ച സമ്പ്രദായത്തെ നീക്കുന്നതിന്നാണല്ലോ, ദണ്ഡികടൽപ്പുറത്തെയ്ക്കു സത്യഗ്രഹത്തിന്നുവേണ്ടി ഗാന്ധിജി ശിഷ്യസമേതം പോയത്. ഘോരകടലിങ്കലെല്ലാ—ഹിന്ദുമുസ്ലീംലഹള കൊടുമ്പിരിക്കൊണ്ടിരുന്ന നൗഖാലിയിലെയ്ക്കും മററുമുള്ള യാത്ര അനുസ്മരിക്കുക. അന്ത്യശയ്യാപദം=ശ്മശാനം. അണിപ്പടത്തേരേറി—സൈനികസന്നാഹങ്ങളോടുകൂടിയാണ് അന്ത്യയാത്രയുണ്ടായത്. രഥ്യങ്ങൾ=രഥം വലിക്കുന്നവ. സത്യാനൃശംസ്യൈകവാഹികൾ=സത്യത്തെയും അഹിംസയെയുംമാത്രം വഹിക്കുന്നവർ. ഗാന്ധിജിയാകുന്ന സത്യവും അഹിംസയുമാണല്ലോ, രഥത്തിൽ.

---

Digitized By Kerala Sahitya Akademi

## X.

(കേക)

പുണ്യമാം നിജകർമ്മ-
യോഗത്താൽ പ്രസാദിച്ചു
വിണ്ണിനാലയയ്ക്കപ്പെ-
ട്ടവ പോലാകാശത്തിൽ,
പറന്നു പൂവർഷിച്ച-
ർച്ചിച്ചു പോർവിമാനങ്ങൾ
പരധർമ്മാചാര്യൻെറ
ചരമപ്രയാണത്തെ:
ദുരിതൌഘത്തിൻനേർക്കു
തീക്കട്ടക്കകളെറി-
ഞ്ഞിരുന്ന രണവീര-
വ്യോമയാനങ്ങൾ തദാ

---

പൂവർഷിച്ച്...........വിമാനങ്ങൾ—ശ്മശാനയാത്രയിൽ ഇന്ത്യൻ വ്യോമസേനാവിമാനങ്ങൾ ഗാന്ധിജിയുടെ ശരീരത്തിൽ പൂ വർഷിച്ചുകൊണ്ട് അകമ്പടി സേവിച്ചിരുന്നു. അവ വിണ്ണിനാൽ (സ്വർഗ്ഗവാസികളാൽ) അയയ്ക്കപ്പെട്ടവയാണെന്നു തോന്നും. പരധർമ്മാചാര്യൻ=ശ്രേഷ്ഠമായ ധർമ്മത്തെ—സത്യത്തെയും അഹിംസയെയും—അനുഷ്ഠാനരൂപത്തിൽ ഉപദേശിച്ചുപോന്ന ഗുരു. ദുരിതൌഘം=പാപക്കൂട്ടം. തീക്കട്ടക്കൾ=ബോമ്പ്. രണവീരവ്യോമയാനങ്ങൾ=യുദ്ധവീരന്മാരുടെ വിമാനങ്ങൾ. അധർമ്മത്തിൻെറ നേരെ ഇന്ത്യൻസേനയ്ക്കുള്ള അമർഷവും ധർമ്മത്തിൻെറ നേരെയുള്ള

Digitized By Kerala Sahitya Akademi

നാനാപൂക്കളെയത്രേ
പൊഴിച്ചു, പേടിത്തൊണ്ടൻ
നാനാതരം തോക്കുണ്ടകൾ
ചാടിച്ചു ശാന്താത്മാവിൽ.
പകുതിതാഴ്ത്തപ്പെട്ട
ഭാരതപതാകകൾ
പണിഞ്ഞു, മൈനീറാക്കാൻ
പോകുമസ്വശില്പിയെ!
ഏതു രാജ്യത്തിൻ കൊടി-
ക്കൂറകൾ കുനിഞ്ഞീല-
ന്നേതു കോയ്മതൻ മർമ്മ-
നാഡികളൊടിഞ്ഞീലാ?
ഇതുപോലൊരു മഹാ-
പുരുഷന്റെ ദേഹ-

---

ക്ഷതവും വ്യഞ്ജിപ്പിക്കുന്നു. പേടിത്തൊണ്ടൻ—ചതിയനായവനല്ലോ, വെടി വെച്ചത്. പണിഞ്ഞു=വണങ്ങി. നീറ്=ചാരം. സ്വശില്പി—ഭാരതത്തിന്റെ പതാകയെ നിർമ്മിച്ചയത്തിയതു ഗാന്ധിജിതന്നെയല്ലേ? ഏതു രാജ്യത്തിൻ—ചരമവാർത്തയറിഞ്ഞ ഉടനെ എല്ലാ രാഷ്ട്രങ്ങളുടേയും പതാകകൾ ദുഃഖസൂചകമായി പകുതി താഴ്ത്തപ്പെടുകയുണ്ടായി. ലോകസമാധാനവാദിയായിരുന്നതുകൊണ്ടാണ്, ഇദ്ദേഹത്തിന്റെ ചരമത്തിൽ എല്ലാ കോയ്മകളുടേയും മർമ്മനാഡികളൊടിഞ്ഞത്. കുനിഞ്ഞ കൊടിക്കൂറയെ ഒടിഞ്ഞ മർമ്മനാഡിയാക്കിക്കല്പിച്ചിരിക്കുന്നു. ദേഹക്ഷതി=ദേഹനാശം. ഇതിന്—ലോകത്തിന്ന് പ്രകൃഷ്ടവ്യക്തികൾ=ശ്രേഷ്ഠമനുഷ്യർ. സ



Digitized By Kerala Sahitya Akademi

ക്ഷതിയെക്കണ്ടിട്ടുണ്ടോ,
    ക്രിസ്തുവിൻ പിമ്പീ ലോകം?
പ്രകൃതിയ്ക്കത്രയ്ക്കൊന്നും
    വെമ്പലില്ലിതിന്നായി
പ്രകൃഷ്ടവ്യക്തികളെ-
    സ്സൃഷ്ടിച്ചു കൊടുപ്പതിൽ!

ചെങ്കോട്ട-യമുനകൾ-
    ക്കിടയിൽ വിശാലനി-
ഷ്പങ്കമാമിടത്തെത്തി
    ശവമഞ്ചത്തിൻ ത്തേർ;
സങ്കടം സഹിയാതെ
    കേണിരമ്പിയുംകൊണ്ടു
വൻകടല്ലൊപ്പമുയ-
    ർന്നിളകീ പുരുഷാരം.
വൈജയന്തികപ്പുത-
    പ്പിന്റെ മുന്നിറംകൊണ്ടു

---

ൽകൃഷ്ടവ്യക്തികളെ ആളുകൾ കണ്ടമാനം ഉപദ്രവിയ്ക്കുമെന്നു പ്രകൃതിയ്ക്ക് അറിയാവുന്നതുകൊണ്ട്, അവരുടെ വിനോദത്തിനുവേണ്ടി മഹാന്മാരെ സൃഷ്ടിച്ചുകൊടുക്കാൻ അവൾ അത്രയ്ക്കൊന്നും വെമ്പാറില്ല. രണ്ടായിരത്തോളം സംവത്സരങ്ങൾക്കുശേഷമേ, ക്രിസ്തുവിന്നൊത്ത മറ്റൊരാൾ ജനിച്ചുള്ളുവല്ലോ.

ചെങ്കോട്ട=ചരിത്രപ്രസിദ്ധമായ റെഡ്ഫോർട്ട്. വിശാലനിഷ്പങ്കം=വിസ്തൃതവും പരിശുദ്ധവുമായത്. പങ്കം=ചളി. വൈജയന്തികപ്പുതപ്പ്—ശവശരീരം ത്രിവർണ്ണപതാകകൊണ്ടു പുതപ്പിച്ചി

Digitized By Kerala Sahitya Akademi

രാജിച്ച വിചിത്രപു-
ഷ്പാകീർണ്ണമാമഗ്ഗാത്രം
രാജാർഹരഥത്തിൽനി-
ന്നിറക്കി വെയ്ക്കപ്പെട്ടു,
രാജഘട്ടത്തിൽത്തീക്ക-
പ്പെട്ടൊരു തറയിന്മേൽ
തുടന്നു നിപതിച്ചി-
തതിന്മേൽ,പ്പലതരം
വിടന്ന പുഷ്പങ്ങളും,
നയനലക്ഷങ്ങളും;
ഉയന്ന 'രഘുപതി-
രാഘവ' ഗീതത്താലു-
മുണന്നില,നങ്ങീലാ,
ദീർഘനിദ്രിതൻ നാഥൻ!

തന്നുടെ ചൂടങ്ങോരോ
മനുഷ്യമനസ്സിലും
വിന്യസിച്ചപരാശാ-
മാറത്തു ചാഞ്ഞു സൂര്യൻ.

---

ഴുന്നത്. മുന്നിറം=മൂന്നുനിറം. വിചിത്രപുഷ്പാകീർണ്ണം=നാനാവ ർണ്ണപുഷ്പങ്ങൾ വിതറിയത്. രാജാർഹരഥം=രാജാക്കന്മാക്കു യോജിച്ച തേര്. ഗീതത്താലും—'രഘുപതിരാഘവ' എന്നു തുടങ്ങുന്ന ഗാനം ഗാന്ധിജിക്കു സവ്വദാ പ്രിയപ്പെട്ടതായിരുന്നു. നാഥൻ=നേതാവ്.

വിന്യസിച്ച്—ഇവിടെ നിക്ഷേപിച്ച് എന്നത്ഥം. അപരാശാമാറ്=പടിഞ്ഞാറെദിക്കിൻെറ മാറ്. സൂര്യൻ അസ്തമിക്കു

Digitized By Kerala Sahitya Akademi

ഉജ്ജ്വലിച്ചിതു, പ്പോക്ക-
    വെയിലേററ കാളിന്ദിയു-
മുജ്ജ്വലദീധികളി-
    ലുത്താപക്കനലുകൾ!
കരളിൻ പിതൃദുഃഖാൽ-
    പ്പോലവേ പൈദാഹത്താൽ
കരയും കിടാങ്ങളെ-
    ത്തോളത്തു കേററിത്ത്വരാൽ
ബാലരിൽ വാത്സല്യപ്പാ-
    ലത്രമേൽ തൂകിപ്പോന്ന
ബാപ്പുവെച്ചൂണ്ടിക്കാട്ടി,
    നോൽമ്പാന്ന പുരസ്ത്രീവൃന്ദം.
ജാതിവർഗ്ഗാദിവിഭേ-
    ദങ്ങളും കാണായില്ലങ്ങു്:

---

ഭാസ്വാൻ തന്റെ ചൂടും വെളിച്ചവും അഗ്നിയിലർപ്പിക്കുന്നു എന്നു വൈദികസിദ്ധാന്തം; ഇന്നു ചൂടു മനുഷ്യഹൃദയങ്ങളിലാണു് നിക്ഷേപിച്ചതു്. ആളുകളുടെ ഉള്ളിൽ ചൂടു വർദ്ധിച്ചു. ഉജ്ജ്വലദീധികൾ കാന്തിതുളുമ്പിക്കൊണ്ടിരിക്കുന്ന തിരകൾ. ഉത്താപക്കനലുകൾ=വ്യസനത്തിന്റെ കനലുകൾ. യമുനയുടെ ഓളങ്ങളിൽ പതിഞ്ഞ പോക്കുവെയിൽ കണ്ടാൽ ദുഃഖത്തീക്കനലുകളാണെന്നു തോന്നും. നോൽമ്പാന്ന—ദഹനദിവസം ഇന്ത്യ ഉപവാസവ്രതമനുഷ്ഠിക്കുകയുണ്ടായി. പശിയും ദാഹവും മൂത്തു കരഞ്ഞുതുടങ്ങിയ കുട്ടികളെ ആശ്വസിപ്പിക്കാൻ അച്ഛനമ്മമാർ ചെയ്തതു്, ബാപ്പുവിനെ ചൂണ്ടിക്കാട്ടുകയാണു്. ബാപ്പുജിയുടെ ബാലവാത്സല്യം സർവ്വവിദിതമാണല്ലോ. നേതൃദർശനവ്യഗ്രർ=നേതാവിനെ കാണ്മാനുഴറു

Digitized By Kerala Sahitya Akademi

നേതൃദർശനവ്യഗ്ര–
        രെപ്പേരും സമദുഃഖർ;
ഇയ്യൈക്യം ക്രമാലെങ്ങും
        വ്യാപിച്ചാൽ —ഭൂരതോവി,
നിശ്ശഭാഗ്യയല്ലെങ്കിൽ—
        മരിച്ചിട്ടില്ലിദ്ദേഹം!

---

വർ. ഇയ്യൈക്യം—അന്ന് അവിടെക്കൂടിയ ജനങ്ങളിൽ കാണപ്പെട്ട ഐക്യം ക്രമേണ സർവ്വത്ര വ്യാപിച്ചാൽ, ഭാരതത്തിന്നു ഗാന്ധിജി ജീവിച്ചിരുന്നകാലത്തെന്നപോലുള്ള ശക്തിയും ശ്രേയസ്സും ലഭിക്കുമെന്നു സാരം.

Digitized By Kerala Sahitya Akademi

## XI

(കേക)

പരുക്കൻഖദറിന്റെ
ദർശയ്യയിൽശ്ശയി–
ച്ചിരുന്ന മഹർഷിയ്ക്കു—
വിശ്രമിച്ചരുളുവാൻ
വിരിച്ചു ചിതയിന്മേൽ–
ശ്ശിഷ്യരിന്നെ,ന്തൊന്നാലോ,
വിറച്ച കരങ്ങളാൽ–
ച്ചന്ദനമുട്ടികളെ.
വെട്ടുന്ന മഴുവിന്നും
നൈസർഗ്ഗികാമോദത്താൽ–
സ്സുഷ്ഠുസമ്മാനം നല്കി–
പ്പോരുന്ന പടീരമേ,
ശത്രുവിൽപ്പോലും പ്രീതി
പൂശിച്ച സുശീലനു

---

മഹർഷിയ്ക്കു—ഋഷിമാക്ക യോജിച്ചവിധം. പരുപരുത്ത ഖടറാകുന്ന ദർപ്പൽവിരിപ്പിലാണല്ലോ, ഗാന്ധിജി വിശ്രമിച്ചിരുന്നത്. എന്നാൽ ഇന്നു ചന്ദനമുട്ടികരംകൊണ്ടാണ്, കിടയ്ക്കു വിരിച്ചത്. എന്തൊന്നാലോ—ദുഃഖംകൊണ്ടോ സംഭ്രമംകൊണ്ടോ എന്തോ. പടീരം=ചന്ദനം. നൈസർഗ്ഗികാമോദം=പ്രകൃത്യാ ഉള്ള ആമോദം (സന്തോഷം, സൌരഭ്യം.) സുഷ്ഠുസമ്മാനം=നല്ല സമ്മാനം (വാസന). വെട്ടുന്ന മഴുവിനുപോലും മണംനല്കുന്ന ചന്ദനം

Digitized By Kerala Sahitya Akademi

മെത്തയായ്ച്ചമയുവാൻ
നിൻപിറകഷംതന്നെ!

സനാതബന്ധുജന-
ത്തിൻെറ കൈകളിലൂടേ
ചെന്നു പട്ടടത്തട്ടിൽ-
പ്പള്ളികൊററകയായ് നാഥൻ:
ചന്ദനത്തിനു, വേണ-
മെങ്കിലി,ത്തിരുമെയ്യിൽ-
നിന്നു ശീലിയ്ക്കാം പേർത്തും,
സൽക്കർമ്മസൌരഭ്യത്തെ!
തെല്ലിടറിയ മന്ത്രോ-
ച്ചാരമോടിടചേർന്ന
കല്യാണശംഖധ്വാനം
വാനത്തെത്തലോടവേ,

---

തന്നെയാണ്, ശത്രുവിനെക്കൂടി സന്തോഷിപ്പിച്ചപോന്ന ഗാന്ധി ജിയ്ക്കു പററിയ ശയ്യ.

സന്നതബന്ധുജനം=നമസ്കരിച്ച (കുനിഞ്ഞുകൂടത്ത) ബന്ധുക്കാം. സൽക്കർമ്മസൌരഭ്യം=നല്ല പ്രവൃത്തിയുടെ വാസന. ചന്ദനത്തിന്േറതിലും മീതെയാണ്, ഗാന്ധിജിയുടെ സൽക്കർമ്മസൌരഭ്യം! തെല്ലിടറിയ=(വ്യസനംകൊണ്ടു) ഗദ്ഗദംപൂണ്ട്. കല്യാണശംഖധ്വാനം=മംഗളസൂചകമായ ശംഖനാദം. തല്പം=കിടക്ക (പട്ടട) ഉള്ളിലെത്തിയ്യ്=തീവ്രദുഃഖം. ജഗദ്ഭാഗ്യാഗ്നി=ലോകത്തി

Digitized By Kerala Sahitya Akademi

ഉള്ളിലെത്തിയ്ക്കിൻ ചെറു-
        തായൊരംശത്തെക്കൊട്ടും
കൊള്ളിയാൽക്കൊളുത്തിനാൻ
        ബാപ്പുവിൻ തല്പം പുത്രൻ.
നില്ലാതെയെത്തും മൎത്ത്യ-
        ക്കടലേ, പ്രളയാബ്ധി-
ത്തല്ലലിൽപ്പോലും കെടി-
        ല്ലിജ്ജഗദ്ഭാഗ്യാഗ്നി!
പട്ടടയിങ്കൽനിന്നു
        കൊഴിഞ്ഞ പൂവും ഗന്ധ-
മുട്ടിതൻതുണ്ടും തിക്കി-
        ച്ചെന്നൊട്ടത്തെടുത്താഹാ,
കുട്ടിയെച്ചുംബിയ്ക്കയായ്,
        മടിയിൽസ്സൂക്ഷിയ്ക്കയായ്,
ക്ലിഷ്ടരാളുകളഞ്ഞൂ—
        പെണ്ണുങ്ങളം വിശേഷിച്ചും!

---

ൻെറ ഭാഗ്യക്കേടാകുന്ന തീയ്. പട്ടട കൊളുത്തിയപ്പോൾ വ്യസനാകുലരായ ആളുകൾ തത്സമീപത്തെയ്ക്കു സമുദ്രംപോലെ തള്ളിക്കേറി. പ്രളയാബ്ധി അലച്ചുകേറിയാൽപ്പോലും നശിപ്പിയ്ക്കാൻ സാധിയ്ക്കില്ല, ഈ അഭാഗ്യം. പ്രളയത്തിനു പിമ്പും കത്തിക്കൊണ്ടിരിയ്ക്കും! ഗന്ധമുട്ടി=ചന്ദനമുട്ടി. ക്ലിഷ്ടർ=ദുഃഖിതർ. പട്ടടയിൽനിന്നു കൊഴിഞ്ഞ പൂവും ചന്ദനക്കഷ്ണവും പെറുക്കാൻ ആളുകൾ എത്രത്തോളം തിക്കിത്തിരക്കിയെന്ന് പ്രയോഗഭംഗി വെളിപ്പെടുത്തുന്നു. പെണ്ണുങ്ങൾ വിശേഷിച്ചും—സ്ത്രീകൾക്കാണല്ലോ, സന്താനങ്ങളിൽ കൂടുതൽ വാത്സല്യവും, ഇത്തരം കാര്യങ്ങളിൽ അ

Digitized By Kerala Sahitya Akademi

പോയ് വെച്ചുകൊൾവിൻ വിട്ടി-
ലിവയെസ്സദ്ഭക്തരേ:
പാവനാത്മവിൻെറയി-
പ്പരമാവശിഷ്ടത്താൽ,
പൂവും ചന്ദനവും പോലൊ-
ത്തിണങ്ങട്ടേ, മാതൃ-
ഭൂവിനെപ്പൂജിയ്ക്കുവാൻ
ഹിന്ദുവും മുസൽമാനും!

നാലിടങ്ങളിൽനിന്നും
നിർഗ്ഗതങ്ങളാമെരി-
മാലിനാൽക്കരിഞ്ഞ വ-
ഞ്ചുട്ടവീപ്പുകൾ പോലെ
മേലോട്ടു പാറി ചിതാ-
ധൂമങ്ങൾ; ദുഃഖത്തിൻെറ

---

ധികം വിശ്വാസവും. പൂവും ചന്ദനവും പൂജാദ്രവ്യങ്ങളാണ്. മാതൃഭൂമിയെപ്പൂജിയ്ക്കാൻ ഈ പൂവും ചന്ദനവും എന്നപോലെ, ഹിന്ദുവും മുസൽമാനും യോജിച്ചുകഴിയട്ടേ എന്നു കവിയുടെ ആശംസ. വളരെ വളരെ ആളുകൾ പാവനാത്മാവിൻെറ ഈ പരമാവശിഷ്ടത്തെ (പുഷ്പചന്ദനങ്ങളെ) പെറുക്കിയെടുത്തു സ്വഗൃഹങ്ങളിലെയ്ക്കു കൊണ്ടുപോകയുണ്ടായി.

നിർഗ്ഗതങ്ങൾ=പൊട്ടിപ്പുറപ്പെട്ടവ. എരിമാൽ=എരിയുന്ന ദുഃഖം. ചിതാധൂമങ്ങൾ=ചിതയിൽനിന്നുയൻ പുകകൾ. നിർല്ലേപം (സംഗവിഹീനം) ആയ ആകാശംപോലും ദുഃഖസൂചകമായ നീലവസ്ത്രം ധരിച്ചു; ദുഃഖകാലത്തു കറുത്ത വസ്ത്രം ധരിയ്ക്കുക രാ

Digitized By Kerala Sahitya Akademi

നീലവസ്ത്രത്തെപ്പൂണ്ട
    നിർല്ലേപം വിഹായസ്സം!
മരുത്തിൻ തുണയോടേ
    മന്ദമന്ദമായ്പ്പുക-
ച്ചുരുളിന്നുള്ളിൽജ്ജ്വലി-
    യ്ക്കുന്ന പാവകദേവൻ,
ഇരുളിന്മദ്ധ്യേ പുത്തൻ
    പ്രകാശം വീശിപ്പോന്ന
ഗുരുവര്യനെയനു-
    വ്രജിപ്പാൻ തുനികയായ്!
ഇമ്മന്നിനൊരു ചൂട്ടും
    തൂവെളിച്ചവും ചേർത്ത
വന്മഹസ്സതാ, വഹ്നി-
    ജ്വാലോർമ്മികളിലൂടേ
അംബരപദത്തിലെ-
    യ്ക്കേഴുന്നുള്ളുന്നു; മേലിൽ-
ക്കർമ്മയോഗമേ, നിന്നെ
    ഗ്ഗീതയിൽമാത്രം കാണാം!

---

ചാരമാണല്ലോ; ചിതാധൂമംതന്നെ, കവത്തവസ്ത്രം. ഇരുളിൻമദ്ധ്യേ—ഹിംസയുടെയും അസത്യത്തിൻെറയും മദ്ധ്യത്തിൽ. സംസാരം ഇരുട്ടാണെന്നു കണ്ടാണല്ലോ, ആർഷഭാരതം 'തമസോ മാ ജ്യോതിർഗ്ഗമയ' എന്നു പ്രാർത്ഥിച്ചതു്. പുത്തൻപ്രകാശം—സത്യത്തിൻെറയും അഹിംസയുടെയും സന്ദേശം. അനുവ്രജിയ്ക്കുക=അനുവർത്തിയ്ക്കുക. ചൂട്ട്—കർമ്മവ്യഗ്രത. തൂവെളിച്ചം—വിജയാശ. വന്മഹസ്സ്=മഹത്തായ തേജസ്സ്. വഹ്നിജ്വാലോർമ്മികൾ=തീനാളങ്ങളാകുന്ന തിരകൾ. കർമ്മയോഗമേ—നിന്നെ അനുഷ്ഠിയ്ക്കുകയും പ്രചരിപ്പിയ്ക്കുകയും ചെയ്ത ഗുരു ഇഹലോകം വിട്ടുപോയിക്കഴിഞ്ഞു!

Digitized By Kerala Sahitya Akademi

കഴിഞ്ഞൂ ക്രിയയെല്ലാം;
നടക്കും ശവങ്ങൾ പോ-
ലൊഴിഞ്ഞൂ പുരുഷാരം;
കരിഞ്ഞൂ ദിക്കോരോന്നും.
പിന്നെയൊരഞ്ചുമുഹൂ-
ർത്തങ്ങളാലുഴറേറാടി
വഹ്നിമച്ചിതയിൽ-
നിന്നെടുത്ത നവഭസ്മം
ആബദ്ധോപവാസയാം
രാത്രിയെധരിപ്പിച്ചാ-
നാപാണ്ഡുനിലാവിനാ-
ലക്കൃഷ്ണഷഷ്ഠിചന്ദ്രൻ!

---

ക്രിയ—ദഹനകർമ്മച്ചടങ്ങ്; മനുഷ്യനിലടങ്ങിയ ക്രിയാശക്തി എന്നും. പുരുഷാരം ശവപ്രായമായെന്ന് അടുത്തുതന്നെ പറയുന്നുണ്ട്. കരിഞ്ഞൂ—ഇരുട്ടു വ്യാപിച്ചു. വഹ്നിമച്ചിത=തീയ്യോട്ടുകൂടിയ ചിത. ആബദ്ധോപവാസ=ഉപവാസം സ്വീകരിച്ചവൾ. ആപാണ്ഡുനിലാവ്=വിളറിയ നിലാവ്. കറുത്ത പക്ഷത്തിലെ ഷഷ്ഠിദിവസമാണ് ആ സംഭവമുണ്ടായത്. അഞ്ചുമുഹൂർത്തം=പന്തിരണ്ടരനാഴിക. നിലാവുതന്നേ ഭസ്മം.

Digitized By Kerala Sahitya Akademi

## XII

(കേക)

വൃദ്ധചന്ദ്രന്റെ ചില-
വെൺകതിർക്കണ്ണങ്ങളെ
ശ്രദ്ധയാ പെറുക്കുന്ന
പുലർകാലത്തോടൊപ്പം
അസ്ഥിസഞ്ചയനവും
കഴിച്ചാനടുത്ത നാ-
ളശ്രുവാൽക്കഴുകിയ
കൈകൊണ്ടഗ്ഗുരുപുത്രൻ!
അച്ഛന്റെ ചിതയിലെ-
ച്ചാമ്പലും കോരിയെടു-
ത്തസ്ഥിഖണ്ഡങ്ങളോടു-
കൂടവേ യഥായോഗ്യം
ന്യസ്തമായ് കുംഭങ്ങളിൽ,
വിശ്വത്തിൻനിധിപോലെ,
മർത്ത്യലക്ഷങ്ങളുടെ-
യന്തരംഗങ്ങളിലും!

---

വൃദ്ധചന്ദ്രൻ=വൃദ്ധനായ (അസ്തമിപ്പാൻ തുടങ്ങിയ) ചന്ദ്രൻ. വെൺകതിർക്കണ്ണങ്ങൾക്ക് അസ്ഥിശകലങ്ങളോടുള്ള സാദൃശ്യം സ്പഷ്ടം. ഗുരുപുത്രൻ—ദേവദാസ് ഗാന്ധി. ന്യസ്തമായ്=നിക്ഷേപിക്കപ്പെട്ടു. അന്തരംഗങ്ങളിലും—അവിടെ കൂടിയവർ ആ സാക്ഷ

Digitized By Kerala Sahitya Akademi

ബാപ്പുവെദ്ദഹിപ്പിച്ച
രാജഘട്ടത്തിലിന്നി-
ങ്ങാക്കിയുണ്ടഹാര്യമാം
പരിശുദ്ധതമാത്മം:
ഇതൊരു പുതുതീർത്ഥ-
മാസ്തികക്കെല്ലാവർക്കും;
മതവർണ്ണാദിവിഭേ-
ദങ്ങളില്ലിവിടത്തിൽ.

ഭാരതത്തിലൊട്ടുക്കു-
മന്യരാജ്യങ്ങളിലു-
മൂരിലും പുരിയിലു-
മാററിലും കടലിലും
സർവസംഗ്രഹത്തിനായ്-
ച്ചെന്നെത്തി ചിതാഭസ്മം,
ഭവ്യനാമതിന്നുടെ-
യുടമസ്ഥനെപ്പോലെ.

---

നും ഒരുകാലത്തും മറക്കില്ലെന്നു സാരം. അഹാര്യം=ഹരിപ്പാൻ (കൊണ്ടുപോകാൻ) വയ്യാത്തത്. പുതുതീർത്ഥം—അന്യതീർത്ഥങ്ങൾ, ചിലചില മതക്കാർക്കോ ജാതിക്കാർക്കോ മാത്രമുള്ളതാണല്ലോ.

സർവസംഗ്രഹം=എല്ലാവരെയും അനുഗ്രഹിക്കൽ. ഭവ്യൻ=ശുഭപ്രദൻ. ഉടമസ്ഥനെപ്പോലെ—ഗാന്ധിജി ജനങ്ങളുടെ ശ്രേയസ്സിന് എല്ലാ സ്ഥലങ്ങളിലും എത്തിച്ചേർന്നിരുന്നുവല്ലോ. ഗുരുകീർത്ത്യുദ്ഘോഷം=കനത്ത (ഗുരുവിങ്കലുള്ള) കീർത്തിയെ വിളംബരം ചെയ്യൽ; വീചിശബ്ദത്തെ കീർത്ത്യുദ്ഘോഷമാക്കിക്കല്പിച്ചിരിക്കു

Digitized By Kerala Sahitya Akademi

ഗുരുഭക്ത്യുദ്ഘോഷത്തോ-
ടച്ചിതാഭസിതത്തെ-
ച്ചെറുതും വലുതുമാം
വീചിഹസ്തത്താൽ വാങ്ങി,
പാരിലേതൊരു മഹാ-
നദിയോ സമുദ്രമോ
നാറിരട്ടിപ്പിച്ചില്ലാ,
നൈജമാം വിശുദ്ധിയെ?
യമുനയ്ക്കേറീ യശ-
സ്സൈ,ത്തി സൽസംഗം ഗംഗ-
യ്ക്കു,മലത്വത്തിൻ മുക്താ-
സരമായ് സരസ്വതി,
ഗോമതി മതി തേടീ,
സരയൂ സസാരയായ്
സോമജ സോൽക്കർഷയായ്,
ഗോദയ്ക്കു ഗുണംകൂടി,
കാവേരി കാമംനേടീ,
നിളയ്ക്കു നിത്യക്ഷേമം
കൈവന്നു, ക്ഷണംകൊണ്ടു
പുണ്യപൂർണ്ണയായ് ചൂർണ്ണി,

---

നു. ഭസിതം=ഭസ്മം. വീചിഹസ്തം=തിരയാകുന്ന കയ്യ്. നൈജം= തന്റേത്. നദികളും സമുദ്രങ്ങളും പ്രകൃത്യാ പരിശുദ്ധങ്ങളാണെന്നത്രേ, ഹൈന്ദവവിശ്വാസം; ചിതാഭസ്മസമ്പർക്കത്താൽ അവ നൂറുമടങ്ങു വിശുദ്ധങ്ങളായി!

മുക്താസരം=മുത്തുമാല. ഗോമതി=ഗംഗയുടെ ഒരു പോഷകനദി. മതി തേടി=തൃപ്തയായി. സസാര=സാരത്തോടുകൂടിയവൾ. സോമജ=നർമ്മദ. സോൽക്കർഷ=ഉൽക്കർഷമികവിയന്നവൾ. ഗോദ=ഗോദാവരി. കൂടി=ഏറി. നിള=പേരാറ്. ചൂർണ്ണി=പെരിയാറ്.

Digitized By Kerala Sahitya Akademi

സമ്പൂതയായി പമ്പ,
തെന്നാഴി ധന്യാത്മാവായ്
സമ്പ്രതി സ്വജലത്തിൽ
വീണ തദ്ഭസ്മാംശത്താൽ;
ഭംഗമില്ലിബ്ഭസ്മാംശ-
ത്തിന്നി,ത്തു നദികളേ,
നിങ്ങളിൽക്കാണാമെന്നും
വെൺനരത്തരികളായ്!

ഗാന്ധിഗാത്രത്തിൻ ദത്ത-
ശേഷമാം ഭസ്മത്തിൻെറ—
ശാന്തിചച്ഛനചൂർണ്ണ-
ത്തിൻെറ—സന്നിധിയിൽത്താൻ,
ഖിന്നക്ക താങ്ങായോനെ-
ത്താങ്ങിയ വടിയിതു-
മന്യൂനസത്യദ്രഷ്ടാ-
വിൻെറ കണ്ണടയിതും

---

സമ്പൂത=ഏററവും പരിശുദ്ധ. തെന്നാഴി=തെക്കെ കടൽ (കന്യാകുമാരിയിലും ഭസ്മം നിക്ഷേപിയ്ക്കുകയുണ്ടായി.) ഭംഗം=നാശം. ഈ ഭസ്മാംശം വെൺനരത്തരികളുടെ രൂപത്തിൽ എന്നും നിങ്ങളിൽ കാണപ്പെടും! ഈ വരികളിൽ ഗാന്ധിജിയുടെ ചിതാഭസ്മത്തിൻെറ ശ്രേയസ്സരതയും, ശുദ്ധ്യതിരേകവും, അനശ്വരതയും പ്രതിപാദിച്ചിരിയ്ക്കുന്നു.

ദത്തശേഷം=(പരക്കെ) ദാനം ചെയ്യപ്പെട്ടു ബാക്കിയായതു്. ശാന്തിചച്ഛനചൂർണ്ണം—ശാന്തി എന്നവാംക്ക പൂശാനുള്ള(സുഗന്ധ) പൊടി. സന്നിധി=സമീപം. അന്യൂനസത്യദ്രഷ്ടാവ്=പരിപൂർണ്ണമായ സത്യത്തെ ദശിച്ചവൻ. ദുർഗ്ഗമസന്മാർഗ്ഗൈകചാരി=(സാധാരണക്ക) നടപ്പാൻ പ്രയാസമുള്ള സന്മാർഗ്ഗത്തിൽ മാത്രം ചരിച്ചവൻ(സത്യത്തിൻെറയും അഹിംസാദികളായ മററു ധർമ്മങ്ങളുടേയും.

Digitized By Kerala Sahitya Akademi

[illegible]ശൃംഗക–
[illegible]രിതൻ ചെരിപ്പിതും
[illegible]ഹൃദ്രക്താർദ്രം
ഖദ്ദർപ്പുതപ്പിതും
ഭാവികാലമേ, ഞങ്ങൾ
സൂക്ഷിയ്ക്കാം നിനക്കായി,
മെയ്‌വിട്ട സിദ്ധാർത്ഥൻെറ–
യല്പാവശിഷ്ടം പോലെ.
ഈയഞ്ചു പദാർത്ഥങ്ങ–
ളഞ്ചുകൂട്ടത്തെ—സ്സമ–
ധീയെയും, ദയയെയും,
സൂക്ഷ്മദർശനത്തെയും,
നിർഭയചര്യയെയും,
നിശ്ചലത്യാഗത്തെയും—
നിശ്ശബ്ദം നിനക്കോതി–
ത്തന്നുകൊണ്ടിരിയ്ക്കുമേ!

---

ക്ഷുരധാരയിലൂടെ സഞ്ചരിച്ചവൻ.) നിർഗ്ഗതഹൃദ്രക്താർദ്രം=(ഉണ്ട യേറ്റതിനാൽ)പുറപ്പെട്ട ഹൃദയരക്തംകൊണ്ടു നനഞ്ഞതു്. സമധീ=സമബുദ്ധി (എല്ലാവരെയും ഒരേനിലയിൽ വീക്ഷിയ്ക്കൽ.) നിർഭയചര്യ=ഭയമില്ലാത്ത നടപടി. സൂക്ഷ്മദർശനം=എന്തിൻെറയും ഉൾപ്പൊരുൾ കാണൽ. നിശ്ചലത്യാഗം=മനശ്ചാഞ്ചല്യമില്ലാതെയുള്ള ത്യാഗം. ഈ അഞ്ചു കൂട്ടങ്ങൾ സിദ്ധാർത്ഥൻെറ (ബുദ്ധൻെറ) പഞ്ചശീലങ്ങളെ അനുസ്മരിപ്പിയ്ക്കുന്നു. ഭാവികാലമേ—ഇത്രയും മഹത്ത്വമുള്ള ഒരു അമാനുഷൻ ഈ ഭൂമിയിൽ ജീവിച്ചിരുന്നു എന്നു ഭാവികാലം ചിലപ്പോൾ വിശ്വസിച്ചില്ലെന്നുവരാം. ഭാവിയുടെ വിശ്വാസത്തിനും പരിശുദ്ധിയ്ക്കും വേണ്ടി ചിതാഭസ്മാവശേഷം, വടി, കണ്ണട, ചെരിപ്പ്, പുതപ്പ് എന്നീ അഞ്ചും സൂക്ഷിച്ചുവെയ്ക്കുന്നു എന്നു സാരം. ഇവ സൂക്ഷിച്ചുവെപ്പാൻ എളുപ്പമായിട്ടുണ്ടല്ലോ.

# ഋഗ്വേദപരിഭാഷ

## മൂന്നാം വാല്യം തയ്യാറായി

മഹാകവി വള്ളത്തോൾ മലയാണ്മയിലെ ക്കു വിവർത്തനം ചെയ്തു, ഇന്ത്യയുടെ ആർഷസംസ്കാരത്തിന്റെ ഭണ്ഡാഗാരമായ ഋഗ്വേദസംഹിത നാലു വാല്യങ്ങളായിട്ടു അച്ചടിച്ചിറക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ മൂന്നാം വാല്യവും ഇതാ തയ്യാറായിരിക്കുന്നു.

ഭാരതത്തിന്റെ അതിപ്രാചീനസംസ്കാരക്കലവറയുടെ താക്കോൽ, ഇന്ത്യൻ പ്രാദേശികഭാഷകളിൽ ഒന്നാമതായി കൈവന്നതു മലയാളത്തിനാണെന്നുള്ളതിൽ ഏതൊരു മലയാളിയാണ് അഭിമാനപുളകിതനാകാതിരിക്കുക! ഇന്ത്യയിലെ മറെറാരു ഭാഷയ്ക്കും കൈവന്നിട്ടില്ലാത്ത ഈ ഭാഗധേയത്തെ മലയാളികളേവരും മനംനിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ ആസ്വദിക്കട്ടെ!

നല്ല വെള്ളക്കടലാസ്സിൽ കമനീയമായ അച്ചടി—കെട്ടുറപ്പുള്ള കാലിക്കോ ബയിണ്ട്—മഹാകവിയുടെ കയ്യൊപ്പോടും ഛായയോടും കൂടിയ

**ഒന്നാംവാല്യത്തിന്നു് 14ക.**

**രണ്ടാംവാല്യത്തിന്നു് 12ക.**

**മൂന്നാംവാല്യത്തിന്നു് 14ക.**

മററു കോപ്പിക്കാവശ്യപ്പെടുന്നവർ പുസ്തകവിലയ്ക്കു പുറമെ പോസ്റ്റേജ് 1 ക. 8 ണ. കൂടി മുൻകൂർ അയയ്ക്കേണ്ടതാണ്.

മാനേജർ, **വള്ളത്തോൾ ഗ്രന്ഥാലയം,**

ചെറുതുരുത്തി or തൃശ്ശൂർ, കേരള സ്റ്റേയിററ്


Digitized By Kerala Sahitya Akademi